# കൈരളി

പുസ്തകം ൧൧. | ൧൧൧൨ ധനു | ലക്കം ൯.

കൈരളീഭാഷണം.

## വ്യാകരണത്തിനുശേഷമല്ലേ അലങ്കാരം?

വിദ്യാഭ്യാസത്തിൽ ദേശഭാഷയ്ക്കു കൂടുതൽ സ്ഥാനം അനുവദിക്കണമെന്നുള്ള അഭിപ്രായം ദിവസംതോറും പ്രബലീഭവിച്ചുവരികയാണു്. മലയാളത്തിന്റെ മഹിമയെ പ്രത്യേകിച്ചു സംരക്ഷിക്കുവാൻ തിരുവിതാംകൂറിൽ ഒരു സർവ്വകലാശാലതന്നെ സ്ഥാപിതമായിരിക്കുന്നു. കൊച്ചിയിലും മലബാറിലുമാണെങ്കിൽ മലയാളം പണ്ടത്തെ അധഃസ്ഥമായ നിലയിൽനിന്നു വളരെ ഉയൎന്നിട്ടുണ്ടു്. സെക്കണ്ടറി ക്ലാസ്സുകളിൽ ഇംഗ്ലീഷൊഴിച്ചുള്ള വിഷയങ്ങളെല്ലാം മലയാളത്തിൽ പഠിപ്പിച്ചാൽ അപാകമൊന്നുമില്ലെന്നു വന്നതോടെ മലയാളത്തിന്റെ ഏഴരശ്ശനി മാറിയെന്നു പറയാം. ദേശഭാഷകൾ ഗഹനങ്ങളായ വിഷയങ്ങൾ പ്രതിപാദിക്കുവാൻ സമൎത്ഥങ്ങളല്ലെന്നു കണ്ണുമടച്ചു പ്രസംഗിക്കുന്നവർ ഇപ്പോഴും ഇല്ലെന്നില്ല. വിളംബംവിനാ അവൎക്കും പ്രബോധോദയം ഉണ്ടായിക്കൊള്ളുമെന്നു പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.

ഈ സന്ദൎഭത്തിൽ മലയാളഭാഷാധ്യാപനത്തെ സംബന്ധിച്ചു് ഒരു കാൎയ്യം പറവാനുണ്ടു്. മുമ്പത്തെക്കാളധികം ഉപന്യാസങ്ങളും കവിതകളും കഥകളും മററും പഠിച്ചു കുട്ടികൾ ഭാഷയുടേയും സാഹിത്യത്തിന്റേയും സ്വഭാവം ഒട്ടാകെ മനസ്സിലാക്കണമെന്നാണല്ലോ ഇപ്പോഴത്തെ വെയ്പു്. ഇതൊരു നല്ല വഴിതന്നെ. പക്ഷേ ഇങ്ങനെയുള്ള പാഠക്രമം അദ്ധ്യേതാക്കൾക്കു് അവശ്യം വേണ്ട ഭാഷാജ്ഞാനത്തെക്കാളധികം സാഹിത്യത്തേയും അതിൽ സംഭൃതങ്ങളായ നാനാവിഷയങ്ങ

ളേയും സംബന്ധിച്ചുള്ള ബോധം ഉണ്ടാക്കുന്നതിന്നാണ് ഉതകുന്നതു്. സാഹിതിസല്ലാപവും സാധുവിഷയജ്ഞാനവും സ്പൃഹണീയങ്ങളെന്നു സമ്മതിക്കാം. പക്ഷേ ചുമരില്ലാതെ ചിത്രമെഴുതാമോ എന്നാണ് ഇവിടെ ആക്ഷേപം. പത്തോ പന്ത്രണ്ടോ കൊല്ലം മാതൃഭാഷ പഠിച്ചിട്ടുള്ളൊരു വിദ്യാൎത്ഥിക്കു് ആ ഭാഷയിൽ പിഴകൂടാതെ രണ്ടോ നാലോ വാക്യങ്ങളെഴുതാൻ കരുത്തില്ലെന്നുണ്ടെങ്കിൽ അവന്റെ അലങ്കാരാദിജ്ഞാനംകൊണ്ടെന്തു ഫലം? ഇംഗ്ലീഷിലും ഉണ്ടു് ഈ അനുഭവം. ഇതിന്റെ കാരണങ്ങളെക്കുറിച്ചു അതിമാത്രം ക്ലേശിച്ചാലോചിക്കേണ്ടതില്ല. കഴിഞ്ഞ ജൂൺമാസത്തിൽ തഞ്ചാവൂർവെച്ചു നടന്ന സാംസ്ഥാനികവിദ്യാഭ്യാസസമ്മേളനത്തിൽ പരിണതമതിയായൊരു അദ്ധ്യാപകൻ ചെയ്ത പ്രസ്താവം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടേ. "A mistaken zeal for abundance of knowledge is responsible for the defect. If the text-books were less numerous and the curiculam in general less charged, more time would be found for the indispensible task of drilling grammatical exercises." പഠിക്കേണ്ട വിഷയങ്ങൾ കണക്കിലധികമായെന്നുള്ള അഭിപ്രായം മലയാളത്തെ സംബന്ധിച്ചേടത്തോളം മുഴുവൻ ശരിയായിരിക്കയില്ല. എന്നിരുന്നാലും ഭാഷാജ്ഞാനത്തിന്നു് അത്യന്താപേക്ഷിതമായ വ്യാകരണത്തിന്റെ കാൎയ്യം മലയാളത്തിലും 'പൂജ്യം'തന്നെ.

വ്യാകരണം പോരെന്നുള്ള ആവലാതി പണ്ടേക്കുപണ്ടേ ഉള്ളതാണെന്നും, മാതൃഭാഷയിൽ അഞ്ചോ പത്തോ നല്ല പുസ്തകങ്ങൾ പഠിച്ചു കഴിഞ്ഞാൽ ഏതു വിദ്യാൎത്ഥിക്കും ഏറെക്കുറെ വ്യാകരണബോധം താനേ കൈവന്നുകൊള്ളുമെന്നും പറഞ്ഞു് ഈ 'അന്യായം' തള്ളുന്ന വിദ്യാഭ്യാസധുരന്ധരന്മാർ പലരുണ്ടു്. അവർ മലയാളഭാഷയെ പ്രത്യേകിച്ചു സ്പർശിക്കുന്ന ചില കാൎയ്യങ്ങൾ അവഗണിക്കുകയോ അറിയാതിരിക്കുകയോ ചെയ്യുന്നില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. മലയാളത്തിൽ ഇന്നുപയോഗിച്ചുവരുന്ന ശബ്ദങ്ങളിൽ വലിയൊരുഭാഗം സംസ്കൃതോപാത്തമാണു്. ആ ശബ്ദങ്ങളെ കണ്ടാലറിയാത്തമട്ടിൽ രൂപഭേദം വരുത്തി തനി ദ്രാവിഡമാക്കി പ്രയോഗിക്കുന്ന സമ്പ്രദായം ഇപ്പോഴില്ല. (തൽഭവമാക്കുന്ന ഏൎപ്പാടില്ലെന്നുസാരം.) എല്ലാം ജന്മസിദ്ധങ്ങളായ രൂപഭാവങ്ങളോടുകൂടി മലയാളത്തിലെവിടെയും വിളങ്ങിക്കൊള്ളും. അങ്ങനെയുള്ള ശബ്ദങ്ങൾ എത്ര ശതമാനം മലയാളത്തിലേക്കു കടം വാങ്ങാറുണ്ടെന്നു ചോദിച്ചാൽ, അതിന്നതിരില്ലെന്നേ ഉത്തരം പറയാവൂ. സംസ്കൃ

ത്തിലെ കൃത്തദ്ധിതസമാസങ്ങളെല്ലാംതന്നെ മലയാളത്തിൽ ഉപയോഗിക്കാമെന്നായിട്ടുണ്ട്. സംശയമുള്ളവർ മഹാകവി ഉള്ളൂരിന്റെ കാവ്യതല്ലജങ്ങളോ പി. കെ. യെപ്പോലുള്ള സാഹിത്യനായകന്മാരുടെ പ്രബന്ധമുക്താവലികളോ വായിച്ചുനോക്കട്ടെ. അധുനാതനന്മാരായ എഴുത്തുകാരിൽ അനേകംപേർ അവരേയും അതിലംഘിക്കുന്നുണ്ടോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. സംസ്കൃതത്തിൽനിന്നുള്ള ഈ ഇറക്കുമതി തടയുവാൻ ഒരു വിധത്തിലും കഴിവില്ല. മലയാളത്തെ സംസ്കൃതാനപേക്ഷമാക്കണമെന്നു വാദിക്കുന്ന ഏതാനും ഭാഷാഭക്തന്മാർ ഇക്കാലത്തും ഉണ്ടായിരിക്കാം. വിദ്വാൻപരീക്ഷക്കും മലയാളം ഓണേഴ്സ് പരീക്ഷക്കുംകൂടി തനിമലയാളവും അതിന്റെ വ്യാകരണവും മാത്രം പഠിപ്പിച്ചാൽ മതിയെന്നു അക്കൂട്ടർ ശഠിക്കുന്നുമുണ്ടായിരിക്കാം. അവരുടെ മതത്തെ പ്രത്യാഖ്യാനിക്കുവാൻ, ആ പരീക്ഷകൾക്കുള്ള ഗ്രന്ഥങ്ങൾ മാത്രം പഠിച്ചു ബിരുദധാരികളായി ഇറങ്ങി അദ്ധ്യാപകവേഷം കെട്ടുന്നവരുടെ അനുഭവങ്ങൾ മതിയാകുമെന്നു തോന്നുന്നു. അതംഗനെയിരിക്കട്ടെ. പുതിയ പുതിയ വിചാരഗതികൾ ദിവസംതോറും പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു, തന്നിർവ്വഹണാർത്ഥം ഒരുമ്പെടുന്ന മലയാളഭാഷക്കു സംസ്കൃതത്തിന്റെ സാഹായ്യം ഒഴിച്ചുകൂടാത്തതൊരു വാസ്തവമാകുന്നു. ആദിദ്രാവിഡശബ്ദങ്ങളിൽ ഭൂരിപക്ഷവും ഭദ്രമായി സൂക്ഷിച്ചുപയോഗിച്ചുപോരുന്ന തമിഴിനും നവീനവിജ്ഞാനവുമായി ഇടപെടുമ്പോൾ സംസ്കൃതത്തെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിക്കു് മലയാളത്തിന്റെ കാര്യം പറയേണമോ? പ്രൈമറി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളിൽ സാധാരണവിഷയങ്ങൾ വിവരിക്കുകയോ ദിനപത്രങ്ങളിൽ ഗ്രാമവൃത്താന്തങ്ങൾ കുറിക്കുകയോ ചെയ്യുമ്പോൾകൂടി മലയാളിക്കു തനിദ്രാവിഡശബ്ദങ്ങളെക്കാളധികം സംസ്കൃതശബ്ദങ്ങൾ സ്വീകരിക്കേണ്ടി വരുന്നുണ്ടു്.

സ്ഥിതിഗതികൾ ഇപ്രകാരമിരിക്കേ, സെക്കണ്ടറിക്ലാസ്സുകളിൽ ഉപമാദ്യലങ്കാരങ്ങൾ നിഷ്കർഷിച്ചു പഠിപ്പിക്കണമെന്നും, വ്യാകരണത്തിന്റെ സ്ഥാനത്തു കേരളപാണിനീയത്തിന്റെ സംഗ്രഹമായി എന്തെങ്കിലും കുറച്ചു പഠിപ്പിച്ചാൽ മതിയെന്നും വെക്കുന്നതു് അത്ര ശരിയാണോ? കേരളപാണിനീയം ഒരു തനിമലയാളവ്യാകരണമാണു്. സംസ്കൃതശബ്ദങ്ങളുടെ വ്യുൽപത്ത്യാദികളെപ്പററി യാതൊന്നും അതിലില്ല. തനി മലയാളശബ്ദങ്ങളുടെ പ്രയോഗത്തിലാണെങ്കിൽ കുട്ടികൾക്കു പിഴപററാറില്ലതാനും. വ്യാകരണം വല്ലതെയൊന്നും അറിഞ്ഞില്ലെ

കിലും ആ വക ശബ്ദങ്ങൾ കുട്ടികൾ ശരിക്കു പ്രയോഗിച്ചുകൊള്ളും. മിടുക്ക്, മിടുക്കൻ, മിടുക്കുള്ള ഇത്യാദി ശബ്ദങ്ങൾ വല്ല കുട്ടികളും വ്യാകരണജ്ഞാനമില്ലാത്തതിനാൽ പിഴച്ചു പ്രയോഗിക്കുമോ? നേരേമറിച്ചു പടു, പടുത്വം, പടുത, പാടവം, നിപുണം, നിപുണത, നിപുണത്വം, നൈപുണ്യം, നൈപുണം ഇത്യാദിയോ? സ്വല്പമെങ്കിലും വ്യാകരണമറിയാത്തൊരു വിദ്യാർത്ഥിക്കു തെറ്റുകൂടാതെ അവ പ്രയോഗിക്കുവാൻ കഴികയില്ല. പടീയസ്, പടിഷ്ഠം, എന്നൊക്കെയായാൽ തീർച്ചയായും അവൻ വല്ലാതെ വിഷമിക്കും. പന+ഓല=പനയോല എന്നല്ലാതെ പനവോല എന്നു ഒരു കുട്ടിയെങ്കിലും എഴുതിക്കണ്ടിട്ടില്ല. പ്രത്യുത, പ്രധാനം+ഉദ്ദേശ്യം എന്നിവ സന്ധിചെയ്യേണ്ടിവന്നാൽ പ്രധാനയുദ്ദേശ്യം, പ്രധാന ഉദ്ദേശ്യം എന്നൊക്കെയല്ലാത പ്രധാനോദ്ദേശ്യം എന്നെഴുതാൻ അറിയാവുന്ന വിദ്യാർത്ഥികൾ ചുരുങ്ങും. ദിവസേനകുട്ടികളുടെ ഉപന്യാസങ്ങൾ പരിശോധിച്ചുവരുന്നവർക്കു് ഈദൃശോദാഹരണങ്ങൾ എത്രയെങ്കിലും തോന്നും. ഈ സ്ഥിതി ആലോചിച്ചാൽ കേരളപാണിനീയസംഗ്രഹത്തോടൊന്നിച്ചു സംസ്കൃതത്തിലെ സന്ധി, കൃത്തു, തദ്ധിതൻ, സ്ത്രീലിംഗം, സമാസം എന്നിവ ഏകദേശമായിട്ടെങ്കിലും കുട്ടികളെ പഠിപ്പിച്ചേ മതിയാവൂ. ഈ വിഷയത്തിൽ ശേഷഗിരി പ്രഭുവിൻെറ വ്യാകരണമിത്രം ആക്കുമൊരു മിത്രമായിരിക്കും; പി. കെ. യുടെ പ്രയോഗദീപിക ഉജ്ജ്വലമായൊരു ദീപികയും.

ഇങ്ങനെ സംസ്കൃതവ്യാകരണം കൂടി വേണമെന്നായാൽ അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ചുമതല വർദ്ധിക്കയില്ലേ എന്നൊരു ചോദ്യത്തിനു് ഇവിടെ അവകാശമുണ്ടു്. പക്ഷേ ആ ഭാരക്കൂടുതൽ മറ്റൊരു വിധത്തിൽ പരിഹരിക്കാം. മലയാളത്തിൽ കവിതയോടൊന്നിച്ചു് ഭാഷാഭൂഷണത്തിലെ മിക്ക അലങ്കാരങ്ങളും കുട്ടികളുടെ തലയിൽ തള്ളിക്കയറ്റണമെന്നാണല്ലോ വ്യവസ്ഥ. എന്താണു് അതുകൊണ്ടുള്ള ഫലം? തെറ്റുകൂടാതെ ഭാഷ ഉപയോഗിക്കുവാൻ ശീലിക്കുന്നതിനുമുമ്പു് അലങ്കാരശാസ്ത്രം പഠിക്കുന്നതു് ഇരിക്കുന്നതിനുമുമ്പു് കാൽ നീട്ടുന്നതുപോലെയാകുന്നു. അബദ്ധവും സുബദ്ധവും തിരിച്ചറിവാനും സാഹിതീരസം ഒട്ടൊക്കെ ആസ്വദിപ്പാനും കഴിഞ്ഞവൻ വേണം അലങ്കാരനിർദ്ധാരണത്തിനും മറ്റും ഒരുങ്ങുവാൻ. ഹൈസ്കൂൾജീവിതം അവസാനിക്കുമ്പോഴക്കേ അങ്ങനെയൊരവസ്ഥയിൽ ഒരുവനെത്തിയെന്നു വിചാരിക്കാവൂ. സെക്കണ്ടറിക്ലാസ്സുകളിൽവെച്ചു് പല

തവണ കേൾക്കാനിടയുള്ള അലങ്കാരനിർവ്വചനങ്ങൾ ബാലികാബാലന്മാരുടെ സ്മരണമണ്ഡലത്തിൽ നില്ക്കുകയോ ഓരോ അലങ്കാരത്തിൻേറയും വ്യാവൎത്തകധൎമ്മം അവർ ഗ്രഹിക്കുകയോ ചെയ്യാറില്ല. ഏതാനും പേർകുറെ അലങ്കാരങ്ങളുടെ സംജ്ഞകളും കാരികകളും മാത്രം ഓൎത്തെന്നുവരാം. ഉത്തരക്ലാസ്സിൽ ഉദ്യമിച്ചു കഴിഞ്ഞാൽ പിന്നെ അവയിലൊന്നും ശേഷിക്കുകയില്ല. പരമാൎത്ഥത്തിൽ അലങ്കാരങ്ങൾ പഠിപ്പിക്കുവാൻ അധികം ക്ലേശിക്കുന്നതിനേക്കാൾ ഭേദം കവിതയുടെ മൎമ്മത്തിലേക്കു കുട്ടികളുടെ ശ്രദ്ധയെ ആകൎഷിച്ചു് അവരെ ആനന്ദിപ്പിക്കുന്നതാകുന്നു. യൂനിവേഴ്സിററി ക്ലാസ്സുകളിൽപോലും കാവ്യങ്ങളുടെ ചമൽക്കാരാംശങ്ങളും മററും കണക്കിലധികം സാങ്കേതികമാക്കി പ്രതിപാദിക്കരുതെന്നു വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു് ഈ തത്വത്തെ മുൻനിൎത്തിയിട്ടായിരിക്കണം. വൃത്തവും അലങ്കാരവും പറയേണ്ടതില്ലെങ്കിൽ പിന്നെ മലയാളകവിതയിൽ ഒന്നും പഠിപ്പിക്കുവാനില്ലെന്നു വാദിക്കുന്നവർ ഇല്ലെന്നാണു് ഞങ്ങളുടെ വിശ്വാസം. ഉണ്ടെങ്കിൽ അവരുടെ കാവ്യാസ്വാദനപടുതയിൽ അസൂയപ്പെടേണ്ടതില്ല. ഇത്രയും പറഞ്ഞതിൻെറ ഉദ്ദേശ്യം, ഇപ്പോൾ നാം താണ ക്ലാസ്സുകളിൽ അലങ്കാരവ്യവച്ഛേദനത്തിനായി ചെലവാക്കുന്ന സമയത്തിലൊരംശം അന്യഥാ വിനിയോഗിച്ചാൽ ഒരു തരക്കേടും ഇല്ലെന്നു കാണിക്കണമെന്നതാണു്. പ്രധാനതമങ്ങളായ ഏതാനും അലങ്കാരങ്ങൾ നീക്കി ബാക്കിയുള്ളവക്കാവശ്യപ്പെടുന്ന സമയം മുകളിൽ സൂചിപ്പിച്ചവിധം വ്യാകരണനിബന്ധനകൾ വിവരിക്കുന്നതിനുപയോഗിക്കാം. ഈ ഖണ്ഡികയുടെ ആരംഭത്തിൽ ആശങ്കിച്ച ഭാരക്കൂടുതൽ അപാകരിക്കുവാൻ അതൊരു നല്ല വഴിയായിരിക്കുമെന്നു തോന്നുന്നു.

കൈരളീദാസൻ.

# ശാകുന്തളേ ചതുർത്ഥോഽങ്കഃ

കാളിദാസരുടെ നാടകങ്ങളിൽവെച്ച് ഉത്തമമായ ശാകുന്തളത്തിൽ നാലാമങ്കമാണു മെച്ചമേറിയതെന്നൊരു പ്രവാദം ലോകവിദിതമായിത്തീൎന്നിട്ടുണ്ട്. ഈ പ്രവാദം എത്രത്തോളം യഥാൎത്ഥമാണെന്നു പരിശോധിച്ചുനോക്കാം.

ശാകുന്തളനാടകത്തിലെ കഥാവസ്തുവിൽ കവി പല സ്വാതന്ത്ര്യകല്പനകൾമൂലം രസാനുഗുണ്യം സമ്പാദിക്കുകയും അനൗചിത്യം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൂലഭൂതമായ മഹാഭാരതത്തിൽ പ്രസ്താവിച്ചിട്ടില്ലാത്ത ദുർവ്വാസശ്ശാപവൃത്താന്തമാണ് ഈ നാടകത്തിന്റെ ജീവനാഡിയായി നില്ക്കുന്നതു്. ശാപഹേതുകമായ വിസ്മൃതി കൊണ്ടല്ലാതെ ദുഷ്യന്തൻ ശകുന്തളയെ നിരാകരിപ്പാൻ മുതിൎന്നിരുന്നാൽ അതു് ഏററവും അനുചിതമായ ഒരു കർമ്മമായി തീൎന്നിരുന്നേനേ. താത്കാലികമായ അംഗുലീയകത്തിന്റെ നാശവും അനന്തരം അതിന്റെ ലാഭവുമാണു കഥയെ ഇത്രമാത്രം ചമത്കാരമുള്ളതാക്കിത്തീൎത്തിരിക്കുന്നതു്. ധർമ്മബോധത്തെ ദുർബ്ബലമാക്കുന്ന കാമാസക്തി വിനാശഹേതുവാണെന്നും ബാഹ്യസൗന്ദൎയ്യത്തിൽനിന്നു ഉദ്ഭൂതമാകുന്ന പ്രേമം പശ്ചാത്താപത്തിൽ സംസ്കരിക്കപ്പെടുമ്പോൾ മാത്രമേ സാത്വികമായി ശോഭിക്കുന്നുള്ളുവെന്നുമുള്ള അമൂല്യതത്വങ്ങളെ പഠിപ്പിക്കുന്നതും ശാപവൃത്താന്തമത്രേ. ഈ ശാപവൃത്താന്തം നിബന്ധിച്ചിരിക്കുന്നതു നാലാമങ്കത്തിന്റെ തുടക്കത്തിലുള്ള വിഷ്കംഭകത്തിലാണ്. അതുകൊണ്ടു മൂന്നങ്കങ്ങൾകൊണ്ടു പ്രതിപാദിച്ചിട്ടുള്ള ഇതിവൃത്തം ഭാരതകഥയിൽ രസാനുഗുണങ്ങളായ സ്വാതന്ത്ര്യങ്ങൾ മാത്രം വരുത്തീട്ടുള്ള കഥാവിവൎത്തനമെന്നല്ലാതെ കവിയുടെ കല്പനാശക്തിയെ വെളിവാക്കുന്നതോ കലാകൗശലത്തെ വെളിവാക്കുന്നതോ ആയി ഗണിച്ചുകൂടാത്തതാണ്. വാസ്തവത്തിൽ കാളിദാസരുടെ ശാകുന്തളം ആരംഭിക്കുന്നതുതന്നെ നാലാമങ്കത്തോടുകൂടിയാണെന്നു പറയാം.

ഭാരതീയരുടെ ദർശനങ്ങളെല്ലാം ഐകകണ്ഠ്യേന പ്രതിപാദിക്കുന്ന ഒരു പരമതത്വത്തെ ചമൽക്കാരസഹിതമായ സരണിയിൽ സാധാരണന്മാൎക്കുകൂടി സുഗ്രഹമാക്കുകയാണ് നാലാമങ്കംകൊണ്ടു കവി നിൎവ്വഹിക്കുന്നതു്. 'സംയോഗാ വിപ്രയോഗാന്താഃ' എന്നാണ് നാം ഇതിൽനിന്നും ധരിക്കുന്നതു്. എത്ര പ്രിയതമങ്ങളായ ലൗകികസമാഗമങ്ങളും അവസാനത്തിൽ ദുഃഖപരിണാമികളാകയാൽ അവയിലുള്ള

ആസക്തി തീരെ വർജ്ജിക്കപ്പെടേണ്ടതാണെന്നു തത്വജ്ഞാനിയായ കണ്വന്റെ വാക്കുകൊണ്ടു കവി സാമാജികന്മാരെ ഗ്രഹിപ്പിക്കുന്നു. നിസ്സംഗനും നൈഷ്ഠികബ്രഹ്മചാരിയുമായ കണ്വൻപോലും വളർത്തുമകളായ ശകുന്തളയുടെ വേർപാടിൽ ശോകപരവശനായിത്തീരുന്നു. മററുള്ളവരുടെ കഥയെന്തായിരിക്കും? കരുണരസപ്രധാനമായ നാലാമങ്കമാണു ദ്രവീഭാവംവന്ന ഹൃദയത്തിൽ ഈ ആദ്ധ്യാത്മികോപദേശമുദ്രയെ ദൃഢമായി പതിയിക്കുന്നതു്. ഇതാണു് നാലാമങ്കത്തിന്റെ പാരമ്യഹേതുക്കളിൽ മുഖ്യമായിട്ടുള്ളതും.

പ്രാചീനഭാരതത്തിൽ ആശ്രമജീവിതത്തിന്നുണ്ടായിരുന്ന ഉത്കർഷം സ്പഷ്ടമായി പ്രതിബിംബിച്ചുകാണുന്നതും നാലാമങ്കത്തിലാണു്. ആശ്രമജീവിതം എത്രമാത്രം ശമപ്രധാനവും വിശ്വപ്രേമഭാസുരവുമായിരുന്നുവെന്നു നാം ഈ അങ്കത്തിലാണു് പ്രത്യക്ഷമായി കാണുന്നതു്. രാജധാനിയെ അതിശയിക്കുന്ന സൌഭാഗ്യത്തോടുകൂടിയാണു് ആശ്രമം നമ്മുടെ ഭാവനകളെ ഗോചരമാകുന്നതും. ഈ അങ്കത്തിൽ നിബന്ധിച്ചിട്ടുള്ള ഓരോ വർണ്ണനയും ഓരോ പ്രസ്താവവും ആശ്രമജീവിതത്തിന്റെ രമ്യതയെ പ്രകാശിപ്പിക്കുന്നതോടുകൂടി കരുണത്തിന്റെ തീവ്രതയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതാണു്.

ശകുന്തളയുടെ കാൽക്കൽ വന്നു പററുന്ന ദീർഘാപാംഗന്റെ ചരിതം—പ്രസവം കഴിഞ്ഞ ഉടനെ മാതൃഹീനനായിത്തീർന്ന ആ മൃഗശിശുവിനെ ശകുന്തള പ്രേമപൂർവ്വം വളർത്തിയ വൃത്താന്തം—ശകുന്തളയുടെ ബാല്യചരിതത്തെ അനുസ്മരിപ്പിച്ചു കണ്വന്റെ സഹനശക്തിയെ പരീക്ഷിക്കുകയാണു ചെയ്യുന്നതു്. ആസന്നപ്രസവയായ മാൻപേടയുടെ സുഖപ്രസവവർത്തമാനം താമസമെന്നിയേ തനിക്കറിവു തരേണമെന്നു ശകുന്തള കണ്വനോടു പ്രാർത്ഥിക്കുമ്പോൾ അതേ നിലയിലെത്തുവാനടുത്തിട്ടുള്ള വാത്സല്യഭാജനമായ ശകുന്തളയെപ്പററി എത്രമാത്രം ഉത്കണ്ഠ കണ്വനുണ്ടാവണം? പുത്രിയുടെ വിശ്ലേഷദുഃഖം ഒരുപുറത്തും കന്യാപിതാവിന്റെ കൃത്യബോധം മറെറപ്പുറത്തുമായി കണ്വന്റെ ഹൃദയരംഗത്തിൽ പോരാടുന്നു. ഒടുവിൽ ധർമ്മബോധം വിജയം പ്രാപിക്കുന്നു. ശകുന്തളയുടെ ആശ്രമവാസത്തെ എന്നെന്നും അനുസ്മരിപ്പിക്കുന്ന അവളുടെ ഉദ്യാനനിർമ്മാണകൌശലം മുതലായ സ്മാരകങ്ങളാൽ എന്നും സ്ഥായിയായി തീരുവാൻപോകുന്ന ശോകത്തെ വരിച്ചു മഹർഷി മകളെ വിട്ടുപിരിയുന്നു! ഗൃഹജീവിതം നയിക്കുന്ന ഗൃഹസ്ഥന്മാർ പഠിക്കേണ്ട പാഠമാണു ഇവിടെ ഉദാഹരിക്കപ്പെടുന്നതു്.

ഇതിനുംപുറമെ ഉത്തമോത്തമങ്ങളെന്നു ഗണിക്കപ്പെടുന്ന നാലു പദ്യരത്നങ്ങൾ ഈ അങ്കത്തിന്റെ ഭംഗിയെ ദ്വിഗുണീഭവിപ്പിക്കുന്നു. യാസ്യത്യദ്യ......, പാതും ന പ്രഥമം......, അസ്മാൻ സാധു......, ശുശ്രൂഷസ്വ ഗുരൂൻ......, എന്നു ക്രമത്താലെ ആരംഭിക്കുന്ന ഈ നാലു പദ്യങ്ങൾ സംസ്കൃതസാഹിത്യത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നവയാണു്.

യാസ്യത്യദ്യ ശകുന്തളേതി ഹൃദയം
സംസ്പൃഷ്ടമുത്കണ്ഠയാ
കണ്ഠഃ സ്തംഭിതബാഷ്പവൃത്തികലുഷ-
ശ്ചിന്താജഡം ദർശനം,
വൈക്ലബ്യം മമ താവദീദൃശമിദം
സ്നേഹാദരണ്യൌകസഃ
പീഡ്യന്തേ ഗൃഹിണഃ കഥം നു തനയാ-
വിശ്ലേഷദുഃഖൈർന്നവൈഃ.

ഇതു് ഉത്കൃഷ്ടമായ ഏതൊരദ്ധ്യാത്മതത്വത്തെയാണു സൂചിപ്പിക്കുന്നതെന്നു് ഈ പ്രബന്ധത്തിന്റെ ഉപക്രമത്തിൽ ഉപപാദിച്ചിട്ടുണ്ടു്.

"യാവതഃ കുരുതേ ജന്തുഃ സംബന്ധാൻ മനസഃ പ്രിയാൻ
താവന്തോഹി നിഖന്യന്തേ ഹൃദയേ ശോകശങ്കവഃ."

അനിത്യങ്ങളായ വസ്തുക്കൾ ഓരോന്നിലും ആസക്തി വെക്കുന്ന സന്ദർഭങ്ങളിൽ നാം ഓരോ ശോകഹേതുക്കളെ പുതുതായി സമ്പാദിച്ചു കൂട്ടുകയാണു ചെയ്യുന്നതു്. ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അവയുടെ വിശ്ലേഷം നിമിത്തമുള്ള ശോകം നമ്മെ ബാധിക്കാതിരിക്കയില്ല. ഇതാണു ലൌകികബന്ധത്തിന്റെ നിയമം. ശാശ്വതമായ ആത്മാവിൽതന്നെ എപ്പോഴും രമിക്കുന്നവർ മാത്രമേ നിത്യാനന്ദം അനുഭവിക്കയുള്ളു. അശാശ്വതങ്ങളായ വസ്തുക്കളിലോ വ്യക്തികളിലോ ആസക്തിയുണ്ടാവാതിരിക്കുന്നവനാണു ധന്യനെന്നു തത്വജ്ഞാനിയായ കണ്വൻ സ്വാനുഭവത്തെ പുരസ്കരിച്ചുപദേശിക്കുകയാണു ഇവിടെ ചെയ്യുന്നതു്.

പാതും ന പ്രഥമം വ്യവസ്യതി ജലം
യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം
സ്നേഹേന യാ പല്ലവം

ആദ്യേ വഃ കുസുമപ്രസൂതിസമയേ
യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം
സർവ്വൈരനുജ്ഞായതാം.

മാൻ, മയിൽ മുതലായ സാധുജീവികളെ മാത്രമല്ല വൃക്ഷലതാദികളെപ്പോലും ശകുന്തള സഹോദരനിർവ്വിശേഷമായി സ്നേഹിച്ചിരുന്നു. അവ അവൾക്ക് ആത്മാവിനേക്കാൾ പ്രിയതരങ്ങളായിരുന്നു. അവയെ നനച്ചല്ലാതെ ജലപാനം ചെയ്യേണ്ട ചിന്തതന്നെ അവൾക്കുണ്ടായിരുന്നില്ല. എന്നാൽ ഈ പ്രേമം യാതൊരു സ്വാർത്ഥത്തേയും ഉദ്ദേശിച്ചുണ്ടായതല്ല. അലങ്കാരവസ്തുക്കളിൽ സ്ത്രീസ്വഭാവസഹജമായ പ്രതിപത്തിയുണ്ടായിരുന്നാലും വൃക്ഷങ്ങളുടെ തളിരുപോലും അവൾ അറുത്തിരുന്നില്ല. ആഹ്ലാദചിഹ്നമായ സ്മിതംപോലെയുള്ള അവയുടെ പുഷ്പോൽഗമം അവൾക്ക് ഉല്ലാസഹേതുവായിത്തീർന്നു. സ്വാർത്ഥമായ യാതൊരു ഫലേച്ഛയും കൂടാതെ മററുള്ളവരുടെ സുഖം കണ്ടു സുഖിക്കുകയെന്ന ഉത്തമപ്രേമാദർശമാണ് ഇവിടെ കവി നിബന്ധിച്ചിട്ടുള്ളതു്.

അസ്മാൻ സാധു വിചിന്ത്യ സംയമധനാ-
നുച്ചൈഃ കുലം ചാത്മന-
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം
സ്നേഹപ്രവൃത്തിം ച താം
സാമാന്യപ്രതിപത്തിപൂർവ്വകമിയം
ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃപരം നഖലു തദ്വാ-
ച്യം വധൂബന്ധുഭിഃ.

മഹർഷിമാർ ജ്ഞാനത്തിന്റേയും ആദ്ധ്യാത്മികസമ്പത്തിന്റേയും നിധാനങ്ങളായിരുന്നു. രാജാക്കന്മാർ ധനത്തിന്റേയും അധികാരത്തിന്റേയും ഇരിപ്പിടങ്ങളുമായിരുന്നു. ജ്ഞാനവും അധികാരവും കൈകോർത്തുനടന്നാലല്ലാതെ രാജ്യക്ഷേമമുളവാകുന്നതല്ല. ജ്ഞാനനിധികളായ മഹർഷിമാരും ഐശ്വര്യധാമങ്ങളായ രാജാക്കന്മാരും എത്രമാത്രം മിത്രഭാവത്തിലാണു വർത്തിച്ചിരുന്നതെന്നു് ഇതിൽ വിശദമാകുന്നു. രാജാക്കന്മാർ ആശ്രമങ്ങളെ സന്ദർശിച്ചു മഹർഷിമാരിൽനിന്നു് അനുഗ്രഹവും ഉൽബോധവും സമ്പാദിച്ചിരുന്ന ആ സ്പൃഹണീയസമയ

ത്തിന്റെ മാഹാത്മ്യം പൊതുവെ ഭാഗ്യവാന്മാരായ ജനങ്ങൾ അനുഭവിച്ചുമിരുന്നു. ജ്ഞാനവും ഐശ്വര്യവും തമ്മിലുള്ള സൗഹാർദ്ദത്തിലാണു ശ്രേയസ്സു നിലനില്ക്കുന്നതെന്നു സാരം.

ശുശ്രൂഷസ്വ ഗുരൂൻ കുരു പ്രിയസഖീവൃത്തിം
സപത്നീജനേ
ഭർത്തുർവ്വിപ്രകൃതാപി രോഷണതയാ മാസ്മ
പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ ഭാഗ്യേ-
ഷ്വനുത്സേകിനി
യാന്ത്യേവം ഗൃഹിണീപദം യുവതയഃ
വാമാഃ കുലസ്യാധയഃ.

ഒരു രാഷ്ട്രത്തിന്റെ ഉന്നതിയിലും ക്ഷേമത്തിലും സ്ത്രീലോകത്തിനുള്ള ബാദ്ധ്യത കാളിദാസരെപ്പോലെ ഗ്രഹിച്ചിട്ടുള്ള മററൊരു മഹാകവി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. സ്ത്രീലോകത്തിനു സാമാന്യമായി ഉപകരിക്കുന്ന ഉപദേശത്തെയാണ് ഈ ശ്ലോകത്തിൽ കവി സംഗ്രഹിച്ചിട്ടുള്ളതും. ഉത്കൃഷ്ടർ, സമർ, നികൃഷ്ടർ എന്നിങ്ങനെ മൂന്നു തരത്തിലുള്ള ജനങ്ങളുടെ നേരെ ഒരുത്തമസ്ത്രീയുടെ പെരുമാററം എതു വിധത്തിലായിരിക്കണമെന്നു ശകുന്തളയെ ഉപദേശിക്കുന്ന വ്യാജത്തിൽ കവി സ്ത്രീലോകത്തെ ധരിപ്പിക്കുന്നു. സേവ, സ്നേഹം, ഉപകാരം എന്ന മൂന്നു ധർമ്മങ്ങളെ മൂന്നു തരക്കാരിലും പ്രദർശിപ്പിക്കുവാൻ കവി അവരോടാവശ്യപ്പെടുന്നു. എല്ലാററിനും ഉപരിയായി ചപലഹൃദയരായ ഭർത്താക്കന്മാരുടെ പ്രണയാപരാധങ്ങളെ പൊറുക്കുന്നതിലാണു സ്ത്രീയുടെ മാഹാത്മ്യം പ്രതിഷ്ഠിതമായിരിക്കുന്നതു്. ഓരോ ഗൃഹിണിയും മാളവികാഗ്നിമിത്രത്തിലെ ധാരിണിദേവിയുടെ ക്ഷമ പഠിക്കേണമെന്നാണു കാളിദാസരുടെ ആശയം. ഇങ്ങനെ പെരുമാറുന്ന ഉത്തമഗൃഹനായികമാർ 'ഗൃഹങ്ങൾക്കലങ്കാര'മായി തീരുന്നതായാൽ ക്രമത്തിൽ ഗ്രാമവും നഗരവും രാഷ്ട്രവും സ്വർഗ്ഗതുല്യമായി തീരുമെന്നു പറയേണ്ടതുണ്ടോ? ഈ വിധമുള്ള പ്രായോഗികങ്ങളായ ഉത്തമാദർശങ്ങളെ പ്രതിപാദിക്കുന്ന ശ്ലോകചതുഷ്ടയവും നാലാമങ്കത്തിന്റെ മഹിമയ്ക്കു കാരണമായിട്ടുണ്ടെന്നുള്ളതും വിസ്മരണീയമല്ല.

പി. എസ്സ്. അനന്തനാരായണശാസ്ത്രി (മഹാരാജാസ് കോളേജ്.)

# ചിരിച്ചാൽ മരിക്കില്ല.

ഖണ്ഡകഥ, നോവൽ, നാടകം—ഇങ്ങനെ മൂന്നു പൊൽച്ചഷകങ്ങളിൽ റഷ്യൻ ജീവിതത്തെ പകൎന്നു സൂക്ഷിച്ചിട്ടുള്ളവരിൽ സഹൃദയസംസ്തുതനായ ഒരുവനാണു് 'ഷെക്കോവ്.' അദ്ദേഹത്തിൻെറ കൃതികൾ കുറേശ്ശെയായി കേരളീയൎക്കു പരിചയപ്പെട്ടുവരുന്നുണ്ടു്. മോസ്ക്കോവിൽ കേളിപ്പെട്ടൊരു നാടകക്കമ്പനിയോടനുബന്ധിച്ചവയായിരുന്നു അദ്ദേഹത്തിൻെറ കലാസേവനങ്ങളിൽ അധികവും. അക്കൂട്ടത്തിൽ ഒന്നത്രെ അദ്ദേഹത്തിൻെറ **Sea Gull** (കാരണ്ഡവം) എന്ന നാടകം. അതിൻെറ ഉത്ഭവത്തേയും അരങ്ങേറാത്തേയും വിജയാപജയങ്ങളേയും സംബന്ധിച്ചു് ഏതാനും സംഗതികൾ രസകരങ്ങളായുണ്ടു്.

ആദൎശത്തിൽനിന്നു് അനുഭവത്തിലേക്കു് ഇറങ്ങിനിന്നുകൊണ്ടു ജീവിതത്തെ സാംഗോപാംഗം നിരീക്ഷിക്കുന്ന കവികൾക്കു സങ്കല്പപേടകം തുറക്കുവാൻ അനുഭവംതന്നെയായിരിക്കും താക്കോൽ. പെട്ടിയുടെ ഉള്ളടക്കങ്ങൾ കണ്ണു മഞ്ഞളിക്കുമാറു ചിന്നിച്ചിതറുമ്പോൾ താക്കോൽ ആരും കണ്ടില്ലെന്നു വരാം. പിന്നെ അതു കണ്ടെടുക്കുവാൻ ഒരു പക്ഷേ വലിയൊരു ഗവേഷണംപോലും വേണ്ടിവന്നേക്കും. ഷെക്കോവിൻെറ ചരിത്രം എഴുതിയ വിദ്വാൻെറ ശ്രമം അതിനു ദൃഷ്ടാന്തമാകുന്നു.

ഷെക്കോവിൻെറ സമീപസ്ഥനായൊരു ചിത്രകാരൻ പുതിയൊരു അനുരാഗപാശത്താൽ ബദ്ധനായി. അതിൽനിന്നു മോചനം ലഭിക്കുവാൻ പ്രയാസമാണെന്നു കണ്ടപ്പോൾ, അയാൾ, അനുരാഗാന്ധന്മാർ സാധാരണമായി ചെയ്യുംപോലെ ആത്മഹത്യക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. അനന്തരം അയാൾ ആലോചിച്ചാലോചിച്ചു ഭ്രാന്തുപിടിച്ചവനെപ്പോലെ തല മാന്തിപ്പൊളിക്കുകയായി. അപ്പോഴേക്കും എങ്ങോനിന്നു ഷെക്കോവ് ഓടിയെത്തി അയാളെ സാന്ത്വനം ചെയ്തു. ഉന്മാദനിവാരണാൎത്ഥം അദ്ദേഹം വിധിച്ച ഔഷധം ഒരു സ്വൈരസഞ്ചാരമാണു്. ചിത്രകാരൻ അതനുസരിച്ചു യാത്ര ചെയ്തു. വഴിക്കുവെച്ചു് അയാൾ, ആത്മവധം സാധിക്കാഞ്ഞതിലുണ്ടായ നൈരാശ്യത്താലോ എന്തോ നല്ലൊരു കുളക്കോഴിയെ വെടിവെച്ചുകൊന്നു കൃതാൎത്ഥനായി. വികാരോത്തേജകമായ ഈ സംഭവമാണു മേല്പറഞ്ഞ നാടകത്തിനു പ്രചോദകമായതെന്നു ഷെക്കോവിൻെറ ചരിത്രകാരൻ പറയുന്നു.

നാടകത്തിൻെറ രണ്ടാമങ്കത്തിൽ അനുരാഗപാത്രമായ 'നൈനാ'യുടെ ചെന്താരടികളിൽ, കാമുകൻ, താൻ വെടിവെച്ചുവീഴ്ത്തിയ ഒരു കാരണ്ഡവത്തെ കാണിക്ക വെക്കുമ്പോൾ, നാടകത്തിലെ മറെറാരു പാത്രമായ 'ടിഗോറിൻ' 'a theme occured to me, a theme for a little sketch' എന്നു പറയുന്നുണ്ടു്. ആ 'ടിഗോറിൻ' ഷേക്കോവല്ലാതെ മററാരുമല്ല.

അരങ്ങേററത്തിനു മുമ്പു നാടകത്തിൻെറ എഴുത്തുകോപ്പി ഒരു വിദഗ്ദ്ധനടൻ കാണ്മാനിടയായി. ഭോഗശനായ അയാൾ തൽകർത്താവിനു എഴുതി അയച്ചതു ഇപ്രകാരമാണു്:— "ഇതാ എൻെറ സൌഹാർദ്ദപൂർവ്വകമായ ഉപദേശം. നാടകശാലക്കാക്കുവേണ്ടി ഇനി ഒന്നും എഴുതേണ്ട. നാടകനിർമ്മാണം നിങ്ങളുടെ മനോഗതിക്കു യോജിച്ചതല്ല." ഈ കത്തു ഷേക്കോവിൻെറ മനസ്സിൽ കനൽ കോരിയിട്ടെന്നു പറയേണ്ടതല്ലോ. എങ്കിലും നാടകം രംഗത്തു പ്രയോഗിക്കുവാൻ അദ്ദേഹം മടിച്ചില്ല. എന്നിട്ടോ? പ്രേക്ഷകരൊട്ടുമുക്കാലും ഒരേ സ്വരത്തിൽ നാടകത്തെ അധിക്ഷേപിച്ചു. 'Impossibly bad' 'absolutely absurd' എന്നൊക്കെ അർത്ഥം വരുന്ന ശബ്ദങ്ങൾകൊണ്ടു നാടകശാല മുഖരിതമായി. പിറേറന്നു രാവിലെ ഷേക്കോവു, ആരുമറിയാതെ തൻെറ നാട്ടുപുറത്തെ വസതിയിൽ ചെന്നുകൂടി നാടകനിർമ്മാണം വേണ്ടെന്നു തീർച്ചയാക്കി.

ഏതാനും കൊല്ലങ്ങൾക്കു ശേഷം The Moscow Art theatre എന്ന സ്ഥാപനത്തിൻെറ ആഭിമുഖ്യത്തിൽ പ്രസ്തുതനാടകം വീണ്ടും അഭിനയിക്കപ്പെട്ടു. അത്തവണ പ്രേക്ഷകന്മാരുടെ മനോഭാവം നേരേ മറിച്ചായിരുന്നു. ഒരിക്കൽ നിരർത്ഥോക്തികൾ എന്നു പറഞ്ഞു് ആളുകൾ അപഹസിച്ച 'ആത്മഗത'ങ്ങൾ കറയററ കവിതാനിർഝരങ്ങളെന്നു സകലരും ഏററുപറഞ്ഞു. ഒന്നാമങ്കം കഴിഞ്ഞു തിരശ്ശീല വീണു; ഹാൾ നിശ്ശബ്ദമായി. ഒരാനന്ദമൂകത! അത്രമാത്രം. എന്നാൽ അണിയറയിൽ കൂടിയിരുന്നവർ, നാടകം വീണ്ടും പരാജയപ്പെട്ടുവോ എന്നു ശങ്കിച്ചുപോയി. ചില നടന്മാർ ബോധംകെട്ടു വീണു. അപ്പോഴക്കും പെട്ടന്നൊരു കുട്ടിയുടെ ശബ്ദം. മിത്രാമിത്രഭേദമെന്നിയേ എല്ലാരുടേയും വിസ്മയാഭിനന്ദനങ്ങൾ, അതോടേ അണപൊട്ടി പ്രവഹിക്കുകയായി. അങ്ങനെ മോസ്കോവിലെ നാടകസഭ ഷേക്കോവിനെ രക്ഷിച്ചു; ഷേക്കോവു് അതിനേയും.

കഥാകഥനം ഷേക്കോവിൻെറ മറെറാരു കാര്യപ്പെട്ട തൊഴിലാ

യിരുന്നു. പത്രമാസികാപംക്തികളിലായി ഒരായിരത്തിൽപരം കഥകൾ അദ്ദേഹം എഴുതിയിട്ടുണ്ടത്രെ. വരിയെണ്ണി പണം വാങ്ങാമെന്നായപ്പോഴും അദ്ദേഹം,

"എന്ത്?"
"ഇദ്ദേഹമാണോ?"
"ആര്?"
"നിങ്ങൾ"
"ഞാനോ?"
"അതെ"
"അല്ലല്ല"

എന്നിങ്ങനെ സംഭാഷണങ്ങൾ ഇടക്കിടക്കു തിരുകി, ഓരോ വാക്കിനും ഓരോ വരിയുടെ പ്രതിഫലം നേടിയിരുന്നു. ഒരു മാതിരി രസികത്വം അക്കാര്യത്തിലും കാണാം. കഥകളിൽ അധികവും വിഷാദപൂരിതങ്ങളാണ്. പക്ഷേ അദ്ദേഹത്തിൻെറ ഫലിതം സകലത്തിലും വെള്ളിപൂശുന്നുണ്ട്. നക്ഷത്രവിലസിതമായ നീലനഭസ്സുപോലെയാണു ഷെക്കോവിൻെറ ഓരോ കഥയും—എന്തിന്? മരണംപോലും! ഒരു മന്ദഹാസത്തോടുകൂടി 'It's long since I tasted champagne' എന്നു പറഞ്ഞ് ഒരു പാത്രം ഷമ്പെയിൻ വാങ്ങി കുടിച്ചിട്ടേ അദ്ദേഹം അന്തിമശ്വാസം വലിച്ചുള്ളൂ.

ജോസഫ് മുണ്ടശ്ശേരി എം. എ.

# കൌടില്യന്റെ ഗൂഢപുരുഷന്മാർ.

## അർത്ഥശാസ്ത്രത്തിൽനിന്നു ലഭിക്കുന്ന അനർഘവിജ്ഞാനം.

(തുടർച്ച)

സത്രികൾ, തീക്ഷ്ണന്മാർ, രസദന്മാർ, ഭിക്ഷുകികൾ എന്നിവർ സഞ്ചാരന്മാരുടെ ഗണത്തിൽ ഉൾപ്പെടുന്നു. ഇവരിൽ ഭിക്ഷുകികളെക്കൊണ്ടു് ഭിക്ഷുകികളെപ്പോലെയുള്ള മുണ്ഡസ്ത്രീകളേയും വൃഷലികളേയും ഗ്രഹിക്കണം. രാജകാര്യാർത്ഥമായി പല സ്ഥലങ്ങളിലും പലരുടെ അരികിലും സഞ്ചരിക്കുന്നവരാകയാലാണു് ഇവർക്കു സഞ്ചാരന്മാർ എന്നു പേർ പറയുന്നതു്. സ്ഥിതിയെപ്പുരസ്കരിച്ചു നോക്കുമ്പോൾ സംസ്ഥന്മാരിൽ നിന്നു നേരെ വിപരീതമായിട്ടുള്ളവരാണു് സഞ്ചാരന്മാർ എന്നു കാണാവുന്നതാണു്.

സഞ്ചാരന്മാരിൽവെച്ചു് സർവ്വഥാ പ്രാധാന്യം വഹിക്കുന്നതു സത്രികളാണു്. സംബന്ധികളായിട്ടു് ആരുംതന്നെയില്ലാത്തവരെയാണു് സത്രികളായി സ്വീകരിക്കുന്നതു്. സംബന്ധികളില്ലാതെ അനാഥന്മാരായിട്ടുള്ള ആളുകളെ ചെലവു കൊടുത്തു ഭരിക്കേണ്ടതു രാജാവിന്റെ കർത്തവ്യമായിരുന്നു. ആകയാൽ അവർ ജന്മനാതന്നെ രാജഭൃത്യന്മാരാണു്. അങ്ങനെയുള്ളവരിൽ ബുദ്ധിയും വിവേകവും ലോകപരിചയവും വാക്സാമർത്ഥ്യവുമുള്ളവരും ലക്ഷണശാസ്ത്രം, ഇന്ദ്രജാലം, കാമശാസ്ത്രം, ചെപ്പടിവിദ്യ മുതലായ വിദ്യകളിൽ പരിചയമുള്ളവരുമായവരെയാണു് രാജാവു സത്രികളായി നിയമിക്കുന്നതു്. സത്രികൾ പ്രായേണ സഹപാഠികളുടെ നിലയിൽ കൂട്ടുകാരായി സഞ്ചരിക്കുന്നവരായിരിക്കും. ഏററവും ചെറിയവയും ഏററവും വലിയവയുമായ ഭേദപ്രയോഗങ്ങൾ അവർ മുഖേന നിഷ്പ്രയാസം സാധിക്കുന്നതാണു്.

തീക്ഷ്ണന്മാർ എന്നു പറയപ്പെടുന്നവർ ആകൃതിയിലും പ്രവൃത്തിയിലും തീക്ഷ്ണന്മാരാകുന്നു. അത്യന്തം ശൂരന്മാരും ദ്രവ്യത്തിനുവേണ്ടി ജീവനെപ്പോലും തൃണവൽഗണിക്കുന്നവരും ആരേയും ഭയപ്പെടാത്തവരും ഏതുവിധം ആപൽഘട്ടങ്ങളിലും ചെന്നു ചാടുവാൻ മടിക്കാത്തവരുമായി ദുർല്ലഭം ചില മനുഷ്യരെ ഏതു നാട്ടിലും കാണാം. അപ്രകാരമുള്ളവരെയാണു് തീക്ഷ്ണന്മാരായി നിയമിക്കുന്നതു്. തൂഷ്ണീം

വധം (Killing in secret) മുതലായവയിൽ അവരെയാണു് നിയോഗിക്കുന്നതു്.

രസദന്മാർ എന്നു വെച്ചാൽ മരുന്നുകൊടുത്തു മയക്കുക, വിഷം കൊടുത്തു കൊല്ലുക മുതലായവ ചെയ്യുന്നവരാകുന്നു. രസം എന്ന ശബ്ദത്തിനു് മദനയോഗം (A medicine causing intoxication) എന്നും വിഷം (Poison) എന്നും അർത്ഥമുണ്ടു്. ബന്ധുക്കളുടെ പേരിൽ സ്നേഹമില്ലാത്തവരും ക്രൂരന്മാരും അലസന്മാരുമായിട്ടുള്ളവരെയാണു് രസദന്മാരുടെ ഗണത്തിൽ അംഗീകരിക്കുന്നതു്. രാജവിരോധികളായിട്ടുള്ളവരെ നിഗ്രഹിക്കുന്നതിനുവേണ്ടിയാണു് ഇവരെ ഉപയോഗപ്പെടുത്തുന്നതു്.

ഭിക്ഷുകികളായി സ്വീകരിക്കുന്നതു മിക്കതും ബ്രാഹ്മണസ്ത്രീകളെയാണു്. വൈധവ്യവും വസുദാരിദ്ര്യവും ബാധിച്ചു് ജീവിതത്തിനു വഴിയില്ലാതായ ബ്രാഹ്മണസ്ത്രീകൾ ധാരാളമുണ്ടായിരിക്കുമല്ലോ. അവരിൽ ചിലർ വലിയ ബുദ്ധിശാലിനികളും അതിപ്രഗല്ഭകളുമായിരിക്കും. അന്തഃപുരത്തിൽ ചെന്നാൽ അവക്കു മാന്യനിലയിലുള്ള സൽക്കാരം ലഭിക്കും. മഹാമാത്രൻ (Prime Minister) മുതലായി ഉയൎന്നതരത്തിലുള്ള രാജാധികൃതന്മാരുടെ അന്തഃപുരങ്ങളിലും അവക്കു പ്രവേശമുണ്ടായിരിക്കും. ഗൂഢവാൎത്തകളെ അറിയുന്നതിന്നും ഭേദപ്രയോഗത്തിന്നും വേണ്ടിയാണു് അവരെ ഉപയോഗപ്പെടുത്തുന്നതു്.

ഭിക്ഷുകികളെപ്പോലെതന്നെ മുണ്ഡസ്ത്രീകൾ (Female spies with shaved head), വൃഷലികൾ മുതലായവരെയും ചാരകൎമ്മങ്ങളിൽ നിയോഗിക്കുന്നു. അവരുടേയും സ്വരൂപപ്രയോജനാദികൾ ഭിക്ഷുകികളുടേതുപോലെതന്നെയാണു്.

ഇപ്പറഞ്ഞ സഞ്ചാരന്മാരെ സ്വരാജ്യത്തുള്ള മന്ത്രിമാർ, സേനാപതികൾ, ദ്വാരപാലന്മാർ, അന്തഃപുരാധികൃതന്മാർ മുതലായവരുടേയും കരംപിരിവു സംബന്ധിച്ചും ദണ്ഡം സംബന്ധിച്ചും ഭണ്ഡാരം സംബന്ധിച്ചും നഗരഭരണം സംബന്ധിച്ചും വാണിജ്യം സംബന്ധിച്ചുമുള്ള പലതരം അധികാരങ്ങളിലിരിക്കുന്നവരുടേയും ദണ്ഡപാലൻ (Commissory General), ദുൎഗ്ഗപാലൻ(Officer in charge of fortification), അന്തപാലൻ (Boundary guard), ആടവികൻ (Forest guard) മുതലായവരുടേയും യുവരാജാവു് (Heir apparent) മന്ത്രിപരിഷദദ്ധ്യക്ഷൻ (President of the Assembly of Ministers) മുതലായവരുടേയും അടുക്കൽ പെരുമാറുവാനാണു നിയോഗിക്കുന്നതു്. അവക്കു

വിശ്വാസം തോന്നത്തക്ക ഒരു ദേശത്തുള്ളവരാണെന്നു ധരിപ്പിച്ചും വിശ്വാസ്യമായ വേഷവും ഭാഷയുമവലംബിച്ചും പലവിധത്തിലുള്ള കർമ്മങ്ങളിലേർപ്പെട്ട സഞ്ചാരന്മാർ അവരെ സേവിക്കുന്നു. തീക്ഷ്ണന്മാർ അവരുടെ കുടപിടിക്കുക, വെള്ളക്കിണ്ടിയെടുക്കുക, വിശറിയെടുത്തു വീശുക, ചെരിപ്പെടുക്കുക, അന്തോളം ചുമക്കുക, കുതിരകളെ നോക്കുക മുതലായ പണികൾ ചെയ്യുന്ന പരിചാരകന്മാരുടെ നിലയിലുള്ള പെരുമാററത്തെ മനസ്സിലാക്കുന്നു. രസദന്മാർ അരിവെക്കുക, പലഹാരമുണ്ടാക്കുക, കുളിപ്പിക്കുക, ദേഹം തിരുമ്മുക, കിടക്ക വിരിക്കുക, ചമയിക്കുക ക്ഷൌരം ചെയ്യുക മുതലായ ജോലികൾ ചെയ്യുന്ന പരിചാരകന്മാരുടെ നിലയിൽ പെരുമാറി അവരുടെ ആഭ്യന്തരമായ പെരുമാററത്തേയും അറിയുന്നു. അന്തഃപുരചാരികളായ ബധിരമൂകാദികളുടേയും നടനർത്തകാദികളുടേയും വേഷം ചമഞ്ഞ ചാരന്മാരും മേല്പറഞ്ഞ മന്ത്രിമാർ മുതലായവരുടെ ആഭ്യന്തരമായ പെരുമാററം സൂക്ഷിച്ചറിയുന്നതിൽ ഏർപ്പെടുന്നു. ഇങ്ങനെ അറിയപ്പെട്ട ആഭ്യന്തരചാരത്തെ സംസ്ഥകളിൽ അറിയിക്കുന്ന കൃത്യം നിർവ്വഹിക്കുന്നതു ഭിക്ഷുകികളാകുന്നു.

സഞ്ചാരന്മാർ സമ്പാദിക്കുന്ന ശ്രദ്ധവാർത്തകൾ അറിഞ്ഞാൽ രാജാവു് അതാതു അധികൃതന്മാരുടെ പേരിൽ ഉചിതമായ നടവടികൾ നടത്തുകയും അഴിമതികൾ തീർത്തു അധികൃതമണ്ഡലത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. അധികൃതന്മാരുടെ ഇടയിൽ ഉണ്ടാകാവുന്ന ഉൽകോചഗ്രഹണം, രാജസ്വാപഹരണം മുതലായവയുടെ പരിഹാരത്തിനു് സഞ്ചാരന്മാർ മുഖേന അവരെ പരീക്ഷിക്കുന്നേടത്തോളം ഫലപ്രദമായി മറെറാരുപായം ഇല്ലെന്നു പറയേണ്ടതില്ലല്ലോ.

മൂന്നു ചാരന്മാർ ഒരേവിധത്തിൽ ഒരു സംഗതി പറഞ്ഞാൽ അതു രാജാവു വിശ്വസിക്കണമെന്നാണു് ശാസ്ത്രവിധി. ചാരന്മാർ ഒരിക്കൽ പറഞ്ഞതിനെ പിന്നീടു മാറിപ്പറഞ്ഞു അഭീക്ഷ്ണവിധിപാതം (Inconsistent statement) ചെയ്യുന്നതായാൽ അവർക്കു അപരാധാനുരൂപമായ ദണ്ഡം വിധിക്കുകയും ചെയ്യും.

മന്ത്രിമാർ മുതലായവരെ ശുദ്ധീകരിച്ചതുകൊണ്ടുമാത്രം രാജ്യത്തിന്നു പ്രശമനവും സ്വാസ്ഥതയും ഉണ്ടാകുന്നതല്ല; പൌരജാനപദന്മാരെക്കൂടി പരീക്ഷിച്ചു വിനീതന്മാരാക്കിയാലേ ശരിയായ രാജ്യക്ഷേമം സിദ്ധിക്കുകയുള്ളൂ. പൌരജാനപദന്മാരുടെ ഇടയിൽ ചിലർ പലകാരണങ്ങളെക്കൊണ്ടും രാജാവിൻെറ പേരിൽ അപരക്തന്മാരായിട്ടുണ്ടായിരിക്കാം;

അങ്ങനെയുള്ളവർ തമ്മിൽകൂട്ടുകെട്ടോടുകൂടി നാട്ടിൽ പ്രബലപക്ഷക്കാരായി പെരുമാറുന്നുമുണ്ടായിരിക്കാം. അങ്ങനെയുള്ളവക്കു പൊതുവിൽ കൃത്യപക്ഷം (Faction against the state) എന്നാണു പേർപറയുന്നതു്. വേറെ ചിലർ ഉറച്ച രാജഭക്തിയോടുകൂടിയവരും രാജാവിൻെറയും രാജ്യത്തിൻെറയും ക്ഷേമത്തിന്നു വേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധന്മാരുമായിട്ടുണ്ടായിരിക്കും; അവരും തമ്മിൽ തമ്മിൽ കൂട്ടുകെട്ടോടുകൂടി പ്രബലപക്ഷക്കാരായി പെരുമാറുന്നുണ്ടായിരിക്കും. അപ്രകാരമുള്ളവക്കു പൊതുവിൽ അകൃത്യപക്ഷം (Faction for the state) എന്നും പേർ പറയുന്നു. കൃത്യപക്ഷക്കാർ ശത്രുക്കളുടെ ഭേദപ്രയോഗത്തിനു് എളുപ്പത്തിൽ വഴിപ്പെടുന്നവരും, അകൃത്യപക്ഷക്കാർ ശത്രുക്കൾക്കു് അഭേദ്യന്മാരുമാകുന്നു. കൃത്യപക്ഷത്തിൽ പെട്ടവരും അകൃത്യപക്ഷത്തിൽ പെട്ടവരുമായി ആരെല്ലാമാണു നാട്ടിൽ ഉള്ളതെന്നു മനസ്സിലാക്കുകയും കൃത്യപക്ഷക്കാരെ സാമദാനാദ്യുപായങ്ങളെക്കൊണ്ടു് ഒതുക്കുകയും ചെയ്യേണ്ടതു രാജാവിൻെറയും രാജ്യത്തിൻെറയും ക്ഷേമാഭിവൃദ്ധികൾക്കു അപരിഹരണീയമായ ഒരു കർത്തവ്യമാണു്. ഈ കർത്തവ്യത്തിൻെറ നിർവ്വഹണത്തിന്നു രാജാവു് സഞ്ചാരന്മാരെയാണു അവലംബിക്കുന്നതു്.

കൃത്യപക്ഷത്തിൽ പെട്ട രാജാവിൻെറ പേരിൽ അതൃപ്തന്മാരായി വർത്തിക്കുന്നവരെ കണ്ടുപിടിക്കുവാൻ സഞ്ചാരന്മാർ പ്രയോഗിക്കുന്ന ഉപായം തുലോം രസാവഹമാണു്. സത്രികൾ ഈരണ്ടു പേരായിട്ടു ആളുകൾ കൂടുന്ന ഉത്സവങ്ങൾ, സഭകൾ, ശാലകൾ മുതലായവയിൽ സഞ്ചരിക്കുന്നു. വേഷഭാഷാഭൂഷണാചാരങ്ങളെക്കൊണ്ടു് അവരെ സാമാന്യജനങ്ങളിൽനിന്നു തിരിച്ചറിവാൻ ആക്കും സാധിക്കുകയില്ല. അവർ പ്രശാന്തമായ ജനതതിയുടെ ഇടയിൽ രാജാവിനെക്കുറിച്ചുള്ള ഒരു വിവാദം ഉണ്ടാക്കിത്തീക്കുന്നു. ഒരു സത്രി ഇങ്ങനെ പറയുന്നു:—"സർവ്വഗുണസമ്പന്നനാണു് ഈ രാജാവെന്നു കേൾക്കുന്നു. എന്നാൽ ഇദ്ദേഹത്തിന്നു ഒരു ഗുണവും കാണുന്നില്ല. പൌരജാനപദന്മാരെ ദണ്ഡകരങ്ങൾ (പിഴയും നികുതിയും) കൊണ്ടു പീഡിക്കുകയാണിദ്ദേഹം ചെയ്യുന്നതു്" ഇങ്ങനെ പ്രസംഗിച്ചതിനെ അനുസരിച്ചു പറവാൻ ആ ജനസമൂഹത്തിൽ വല്ലവരും ഉണ്ടായെന്നുവരാം. ഉണ്ടായെങ്കിൽ അങ്ങനെ അനുസരിച്ചു പറഞ്ഞവരേയും ആദ്യം പ്രസംഗിച്ച സത്രിയേയും പ്രതിഷേധിച്ചുകൊണ്ടു മറെറാരു സത്രി ഇപ്രകാരം പറയുന്നു:—"മഹാന്മാരേ, അങ്ങനെ പറയരുതു്. രാജാക്കന്മാരെ ഒരുവിധത്തിലും അവമാനിക്കരുതു്. പണ്ടു

മാത്സ്യന്യായത്താൽ പീഡിതരായ പ്രജകൾ വൈവസ്വതമനുവിനെ രാജാവാക്കി. ധാന്യത്തിൽ ആറിലൊന്നും, പണ്യത്തിൽ (Merchandise) പത്തിലൊന്നും, പൊന്നും അദ്ദേഹത്തിന്നുള്ള ഭാഗമായി കല്പിക്കുകയും ചെയ്തു. ആ ഭാഗത്താൽ ഉപജീവനം കഴിച്ചുംകൊണ്ടു രാജാക്കന്മാർ പ്രജകളുടെ യോഗക്ഷേമങ്ങളെ പുലൎത്തുന്നു. ദണ്ഡകരങ്ങളെ പിരിക്കാത്ത രാജാക്കന്മാർ പ്രജകളുടെ പാപത്തെ സ്വീകരിക്കുകയും, അവരുടെ യോഗക്ഷേമങ്ങളെ കെടുത്തുകളകയും ചെയ്യുന്നു. അതുകൊണ്ടു് ആരണ്യകന്മാർ കൂടിയും ഉഞ്ഛത്തിൻെറ (പെറുക്കിയെടുത്ത ധാന്യത്തിൻെറ) ആറിലൊരു ഭാഗം 'ആരാണോ നമ്മെ രക്ഷിക്കുന്നതു് അദ്ദേഹത്തിന്നുള്ള ഭാഗമാണിതു്'' എന്നു വിചാരിച്ചു രാജാവിന്നു സമൎപ്പിക്കുന്നു. പ്രത്യക്ഷമായിട്ടുതന്നെ ദണ്ഡവും പ്രസാദവും ചെയ്യുന്നവരായ രാജാക്കന്മാൎക്കു് ഇന്ദ്രൻെറയും യമൻെറയും സ്ഥാനമാണുള്ളതു്. അവരെ അവമാനിക്കുന്നവൎക്കു ദൈവികമായ ദണ്ഡംകൂടിയുണ്ടാകും'' ഈ പ്രസംഗം സാമാന്യജനങ്ങൾക്കു രാജാവിൻെറ പേരിൽ തെററിദ്ധാരണയുണ്ടാകാതെ കഴിവാൻ ഉപകരിക്കുന്നു. ആളറിയാതെ സത്രിയുടെ പ്രസംഗം കൃത്യപക്ഷത്തിൽപെട്ടവരെ കണ്ടുപിടിക്കുവാനും ഉപകരിക്കുന്നു.

പ്രജകളുടെ ഇടയിൽ രാജാവിനോടു് അതുഷ്ടരായിരിക്കുന്നവർ ആരെല്ലാമാണെന്നു മുണ്ഡജടിലവേഷധാരികളായ ഗൂഢപുരുഷന്മാർ പരീക്ഷിച്ചറിയുന്നു. രാജകീയമായ ധാന്യത്തെയും പശുക്കളേയും പണത്തെയും ആശ്രയിച്ചു ജീവിക്കുന്നവർ, രാജാവിൻെറ സമ്പത്തിലും ആപത്തിലും അദ്ദേഹത്തിന്നു ധാന്യം മുതലായവ നൽകി സഹായിക്കുന്നവർ, രാജാവിൻെറ നേരെ അദ്ദേഹത്തിൻെറ ഒരു മിത്രമോ അന്യനായ ഒരു രാജാവോ കോപിച്ചുവശായാൽ അവരെ കോപത്തിൽനിന്നു നിവൎത്തിക്കുന്നവർ, രാജാവിൻെറ ഒരു ശത്രുവോ ആടവികനോ അദ്ദേഹത്തോടെതിരിടുമ്പോൾ അവരെ തടുക്കുന്നവർ എന്നുമുതലായി പല വിധത്തിലും രാജാവുമായി ബന്ധപ്പെട്ടു കഴിയുന്നവരായ പൌരജാനപദമുഖ്യന്മാർ അദ്ദേഹത്തോടു തുഷ്ടരായിട്ടോ അതുഷ്ടരായിട്ടോ വൎത്തിക്കുന്നതെന്നു പരീക്ഷിച്ചറിയേണ്ടതു മേൽപ്പറഞ്ഞ ചാരന്മാരുടെ ഭാരമാണു്. അവരുടെ തുഷ്ടാതുഷ്ടതകളെക്കുറിച്ചറിവുകിട്ടിയാൽ രാജാവു തുഷ്ടരെ അൎത്ഥമാനങ്ങൾ നൽകി അധികം തൃപ്തിപ്പെടുത്തുകയും, അതുഷ്ടരെ സാമദാനങ്ങളെക്കൊണ്ടു വശീകരിക്കുകയും, അതുകൊണ്ടും വശത്തു വരാത്തവരെ ഭേദോപായംകൊണ്ടു ഭേദിപ്പിച്ചു

ദുർബ്ബലന്മാരാക്കുകയും, തീരെ വിദ്വിഷ്ടരായിട്ടുള്ളവരെ ഗൂഢമായി ദണ്ഡോപായം പ്രയോഗിച്ചു നശിപ്പിക്കുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ കൃത്യപക്ഷക്കാരെ ക്രുദ്ധന്മാർ, ലുബ്ധന്മാർ, ഭീതന്മാർ, അവമാനിതന്മാർ എന്നിങ്ങനെ നാലു വർഗ്ഗമായിട്ടാണു കൌടില്യൻ തിരിച്ചിരിക്കുന്നതു്. ധനം നല്കാമെന്നു വാഗ്ദാനം ചെയ്തിട്ടു വഞ്ചിതനായവൻ, ക്ഷണിച്ചുവരുത്തി ധിക്കരിക്കപ്പെട്ടവൻ, സ്വധർമ്മം ചെയ്യുന്നതിൽനിന്നോ ദായഭാഗത്തിൽനിന്നോ ഉപരുദ്ധനായവൻ, സ്ഥാനമാനങ്ങളിൽനിന്നും അധികാരത്തിൽനിന്നും നീക്കപ്പെട്ടവൻ, തടവിൽ വെക്കപ്പെട്ടവൻ, പരോക്തദണ്ഡിതൻ (One who is punished in secret), സർവ്വസ്വമാഹാരിതൻ (One whose property has been wholly Confisicated) മുതലായവർ ക്രുദ്ധവർഗ്ഗത്തിൽ ഉൾപ്പെടുന്നു. ദുഷ്കർമ്മങ്ങൾ നിമിത്തം തന്നെത്താൻ കെടുത്തിയവൻ (സ്വയമുപഹതൻ), ദുഷ്പ്രവൃത്തികൾ പരസ്യമായവൻ (പാപകർമ്മാഭിഖ്യാതൻ), തന്നെപ്പോലെ കുററം ചെയ്ത മററൊരുവനെ ദണ്ഡിക്കുന്നതു കണ്ടു പേടിച്ചവൻ (തുല്യദോഷദണ്ഡോദ്വിഗ്നൻ), രാജകീയാധികാരങ്ങളിലിരുന്നു പെട്ടെന്നു വളരെ ധനം സമ്പാദിച്ചവൻ (സഹസോപചിതാർത്ഥൻ), രാജപ്രദ്വിഷ്ടൻ, രാജദ്വേഷി മുതലായവർ ഭീതവർഗ്ഗത്തിൽ പെടുന്നു. ധനമെല്ലാം നശിച്ചവൻ (പരിക്ഷീണൻ), അധികം ധനം കെട്ടിവെച്ചവൻ (അത്യാത്തസ്വൻ), അതിരു കടന്ന ഇടപാടുള്ളവൻ തുടങ്ങിയുള്ളവർ ലുബ്ധവർഗ്ഗത്തിൽ അന്തർഭവിക്കുന്നു. തന്റെ ശത്രുവിനെ മാനിച്ചതിൽ അമർഷമുള്ളവൻ (ശത്രുപൂജാമർഷിതൻ), താഴ്ന്ന നിലയിൽ മാനിക്കപ്പെട്ടവൻ (നീചൈരുപഹിതൻ) മുതലായവർ അവമാനിതവർഗ്ഗത്തിലും പെടുന്നു. ഈ നാലു വർഗ്ഗങ്ങളിലും പെട്ടവരായി സ്വന്തം രാജ്യത്തുള്ളവർ ശത്രുക്കൾക്കു കൃത്യർ (ശത്രുക്കളുടെ ഭേദപ്രയോഗത്തിൽ അകപ്പെടുന്നവർ) ആകുന്നു. അങ്ങനെയുള്ളവർ ആരെല്ലാമാണെന്നും, അവർക്കു തമ്മിൽതമ്മിൽ വല്ല കൂട്ടുകെട്ടുമുണ്ടോ എന്നും അവർക്കു ശത്രുവുമായി വല്ല ഇടപാടുമുണ്ടോ എന്നും അന്വേഷിച്ചറിയേണ്ടതു സഞ്ചാരന്മാരുടെ ഭാരമാകുന്നു. ജ്യോത്സ്യൻ, നൈമിത്തികൻ, മൌഹൂർത്തികൻ മുതലായവരുടെ വേഷം ധരിച്ച ചാരന്മാരാണു ഈ വിഷയത്തിൽ ഏർപ്പെടുന്നതു്.

സ്വദേശത്തുള്ള കൃത്യപക്ഷക്കാരെ ഒതുക്കുന്നതു രാജാവിന്റെ തന്ത്രത്തിൽ ഒരു ഭാഗമാണു്; അതിനെക്കുറിച്ചാണു മുകളിൽ പ്രസ്താവിച്ചതു്. എന്നാൽ വിജിഗീഷുവായ രാജാവിന്നു സ്വദേശകാര്യങ്ങൾക്കു പുറമെ വിദേശരാജാക്കന്മാരുടെ കാര്യങ്ങളും അന്വേഷിക്കേണ്ടതാവശ്യ

മാകുന്നു. ഈ കൃത്യം രാജനീതിയിൽ പ്രസിദ്ധമായ ആവാപത്തിൽ ഒരു ഭാഗമാണു്. ഇതിന്റെ നിർവ്വഹണത്തിലും സഞ്ചാരന്മാരെത്തന്നെയാണു രാജാവു നിയോഗിക്കുന്നതു്. അങ്ങനെ നിയുക്തന്മാരായ സഞ്ചാരന്മാർ അന്യ രാജാവിന്റെ രാജ്യത്തു പ്രവേശിച്ചു ചെയ്യുന്ന ഭേദപ്രയോഗം ഏറ്റവും വിസ്മയാവഹമായിട്ടുള്ളതാണു്. സഞ്ചാരന്മാർ മുണ്ഡവേഷമോ ജടിലവേഷമോ ധരിച്ചു നിർദ്ദിഷ്ടമായ രാജ്യത്തു പ്രവേശിച്ചു പ്രജകളുടെ ഇടയിൽ പെരുമാറുന്നു. ആ പെരുമാററംകൊണ്ടു് അവർ അവിടെ രാജാവിന്റെ പേരിൽ അതുഷ്ടരായി വർത്തിക്കുന്നവർ ആരെല്ലാമാണെന്നും അവരുടെ അസന്തുഷ്ടിക്കു കാരണമെന്തെന്നും മനസ്സിലാക്കുന്നു. ക്രുദ്ധന്മാർ, ഭീതന്മാർ, ലുബ്ധന്മാർ, അവമാനിതന്മാർ എന്നിങ്ങനെ നാനാവർഗ്ഗക്കാരായ രാജവിരോധികളിൽ ഓരോരുത്തരുടേയും അടുക്കൽ താനും ആയാളുടെ പക്ഷത്തിൽപെട്ട ഒരുവനാണെന്ന നിലയിലായിരിക്കും ഓരോ ചാരനും പെരുമാറുക. വേഷഭാഷാദികൾകൊണ്ടും അവർ അവർക്കു വിശ്വാസ്യന്മാരായിരിക്കും. ക്രുദ്ധവർഗ്ഗം തുടങ്ങിയ വർഗ്ഗങ്ങളിൽപെട്ട കൃത്യരിൽ അവർ ഫലപ്രദമായ വിധം ഭേദപ്രയോഗം (Sowing the seeds of dissension) നടത്തുന്നു. ക്രുദ്ധവർഗ്ഗക്കാരെ ഭേദിപ്പിക്കുന്നതു് ഏതാണ്ടു് ഇങ്ങനെയായിരിക്കും:—“മദാന്ധനായിട്ടുള്ള ഒരാന മത്തനായ പാപ്പാനാൽ അധിഷ്ഠിതനാകുമ്പോൾ കണ്ട വസ്തുക്കളെല്ലാം മർദ്ദിക്കുന്നതെങ്ങനെയോ അങ്ങനെ, ശാസ്ത്രചക്ഷുസ്സില്ലായ്കയാൽ അന്ധനായ ഈ രാജാവു പൌരജാനപദന്മാരെ വധിപ്പാനൊരുമ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തെ പിടിച്ചുനിർത്തുവാൻ ഒരു പ്രതിഹസ്തിയെ വരുത്തിയാലല്ലാതെ സാധിക്കയില്ല. അതുകൊണ്ടു് ഇദ്ദേഹത്തോടു അമർഷം ചെയ്യുക.” ഭീതവർഗ്ഗക്കാരെ ഭേദിപ്പിക്കുന്നതിങ്ങനെയായിരിക്കും:—“ഭീതനായ ഒരു സർപ്പം ആരിൽനിന്നു തനിക്കു ഭയം വരുമെന്നു കാണുന്നുവോ അവനിൽ വിഷത്തെ വമിക്കുമല്ലോ. അപ്രകാരംതന്നെ നിന്റെ പേരിൽ ദോഷശങ്കയുള്ളവനായ ഈ രാജാവു നിങ്കൽ തീർച്ചയായും ക്രോധമാകുന്ന വിഷത്തെ വിസർജ്ജിക്കും. ആകയാൽ നീ മറെറാരേടത്തു പൊയ്ക്കൊൾക.” ലുബ്ധവർഗ്ഗക്കാരിലുള്ള ഭേദപ്രയോഗം ഏകദേശം ഇപ്രകാരമായിരിക്കും:—“നായാടികളുടെ പശു നായ്ക്കൾക്കു മാത്രമേ കറക്കുകയുള്ളു. ബ്രാഹ്മണർക്കു കറക്കില്ല. അതുപോലെതന്നെ ഈ രാജാവു സത്വവും പ്രജ്ഞയും വാക്യശക്തിയുമില്ലാത്തവർക്കേ ധനം കൊടുക്കുള്ളു; ആത്മഗുണസമ്പന്നന്മാർക്കു് ഒന്നും കൊടുക്കുകയില്ല. ഇന്ന രാജാവു പുരുഷവിശേഷമറിയുന്നവനാണു്. അദ്ദേഹത്തിന്റെ അടു

കൽ പോയ്ക്കൊള്ളൂ." അവമാനിതവർഗ്ഗക്കാരിലുള്ള ഭേദപ്രയോഗത്തിന്റെ രീതി ഇങ്ങനെയായിരിക്കും:—"ചണ്ഡാളരുടെ കിണറു ചണ്ഡാളക്കു മാത്രമേ ഉപയോഗയോഗ്യമാകയുള്ളൂ, മററുള്ളവക്ക് ഉപയോഗിപ്പാൻ പാടില്ല. അപ്രകാരംതന്നെ നീചനായ ഈ രാജാവും നീചന്മാക്കു മാത്രമേ സേവ്യനാകയുള്ളൂ. നിന്നെപ്പോലെയുള്ള ആര്യന്മാക്കു സേവിപ്പാൻ കൊള്ളില്ല. ഇന്ന രാജാവു പുരുഷവിശേഷമറിയുന്നവനാണ്. അദ്ദേഹത്തിന്റെ അടുക്കൽ പോവുക." ഇപ്രകാരം പരരാജ്യത്തുള്ള ഭൃത്യരെ ഭേദിപ്പിച്ചാൽ ആ രാജാവു ദുർബ്ബലനായിച്ചമഞ്ഞ് എളുപ്പത്തിൽ ജയ്യനായി ഭവിക്കുന്നു.

ഇങ്ങനെ സഞ്ചാരന്മാരെക്കൊണ്ടു പരരാജ്യത്തുള്ള പ്രജകളെ ഭേദിപ്പിക്കുന്നതുകൊണ്ടുമാത്രം പരവിഷയത്തിലുള്ള ചാരപ്രയോഗം പരിപൂർണ്ണമാകയില്ല. പരന്റെ മന്ത്രാലോചന തുടങ്ങിയുള്ള ആഭ്യന്തരകാര്യങ്ങൾകൂടി അറിഞ്ഞാലേ അതു പൂർണ്ണമാകയുള്ളൂ. ആ അറിവു ഉഭയവേതനന്മാർ എന്നു പറയപ്പെടുന്ന ചാരന്മാരെക്കൊണ്ടാണു സാധിക്കുന്നതു്. ഉഭയവേതനന്മാരെന്നാൽ തന്റെ കയ്യിൽനിന്നും ശത്രുവിന്റെ കയ്യിൽനിന്നും ശമ്പളംവാങ്ങുന്നവരെന്നാണർത്ഥം. അത്യന്തവിശ്വസ്തന്മാരായ ചില ചാരന്മാർ ശത്രുവിന്റെ അടുത്തു ചെരുമാറുന്നവരും പ്രധാനാധികാരങ്ങളിലിരിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനം നേടി അവിടെ സ്ഥിരമായി പാർപ്പുറപ്പിക്കുന്നു. അവരെ നിയോഗിച്ചയച്ച രാജാവു അവർ വരുന്നതുവരെ അവരുടെ ഭാര്യാപുത്രന്മാരെ രക്ഷിക്കയും ചെയ്യുന്നു. പരരാജാവിന്റെ ഹൃദയത്തെക്കൂടി ചോരണംചെയ്യുന്നതിന്നു അവർ മതിയായിരിക്കും.

ചുരുക്കിപ്പറയുന്നതായാൽ സ്വരാജ്യത്തെയും പരരാജ്യത്തെയും ഗൂഢപുരുഷന്മാരെക്കൊണ്ടു നിറയ്ക്കുകയാണ് കൌടില്യനീതിയിലെ പ്രധാനഭാഗം എന്നുതന്നെ പറയാം.

കെ. വി. എം.

# "വെറുതേ!"

അന്നു് അസ്തമയസൂര്യൻ പശ്ചിമപ്രാന്തത്തിൽ കുങ്കുമച്ചാറു് വാരിത്തേച്ചുകൊണ്ടിരിക്കുമ്പോൾ 'രാധ' അവളുടെ മാളികമുകളിൽ ചിന്താമഗ്നയായി നില്ക്കുന്നുണ്ടായിരുന്നു. ദൂരെ അവളുടെ കൺമുന്നിൽ ഒഴുകിക്കൊണ്ടിരുന്ന നദീജലത്തിൽനിന്നുയന്ന കുളുർകാററു് അവളുടെ പൂവലംഗങ്ങൾ തൊട്ടുതലോടി. നദിയുടെ ഇരുവശത്തുമുള്ള വയലുകളിൽനിന്നു കൃഷിവലന്മാർ ജോലി മതിയാക്കി സ്വഗൃഹങ്ങളിലേക്കു മടങ്ങി. അയവിറക്കി സാവധാനം നടന്നിരുന്ന കന്നുകാലികളുടെ പുറകിൽനിന്നു ബാലന്മാരുടെ അക്ഷരമില്ലാത്ത മൂളിപ്പാട്ടു വ്യക്തമായി കേൾക്കാമായിരുന്നു.

പകലിന്റെ ബഹളം അലിഞ്ഞു സന്ധ്യയുടെ പ്രശാന്തതയായി രൂപാന്തരപ്പെട്ടു. 'രാധ'യുടെ ഹൃദയം തുടിച്ചു. അവളുടെ തളിർമേനിക്കൊരു കുളുമ്മ ബാധിച്ചു. ആ ഏകാന്തതയിൽ ഒരു ഗീതം അവൾ കേട്ടുകൊണ്ടിരുന്നു. അതു പ്രകൃതിയിൽനിന്നോ അതോ അവളുടെ ഹൃദയത്തിൽനിന്നോ എന്നു അവൾക്കുതന്നെ അറിവില്ല.

അപ്പോൾ അടുത്തുള്ള കാലിത്തൊഴുത്തിന്റെ മെതിത്തിണ്ണമേൽ വിജയൻ വന്നിരുന്നു് അവന്റെ ഓടക്കുഴൽ വിളിക്കുവാൻ തുടങ്ങി. അവൻ പാടത്തുനിന്നു കയറിവന്നിട്ടു് അധികം സമയമായിരുന്നില്ല. അവന്റെ ചുരുണ്ട മുടി വെയിൽകൊണ്ടു പരുപരുത്തിരുന്നു. പശുക്കൾക്കു പുല്ലും വെള്ളവും കൊടുത്തു് അവൻ വിശ്രമാർത്ഥം അവിടെ കയറിയിരുന്നതാണു്. അവൻ പകുതികണ്ണടച്ചു സംഗീതത്തിൽ നിമഗ്നനായി. അലങ്കാരങ്ങളോടുകൂടിയ സപ്തസ്വരങ്ങൾ ആ 'പുല്ലാംകുഴലി'ന്റെ മെരുദ്വാരങ്ങളിൽകൂടി നിശ്ശബ്ദമായ അന്തരീക്ഷത്തിലേക്കു പ്രവഹിച്ചു.

രാധയുടെ ഹൃദയം വിറഞ്ഞു. വളകൾ കിലുങ്ങുമാറു് അവൾ അവനെ കൈകാട്ടി വിളിച്ചു: "വിജയാ, വിജയാ!" അവൻ ഓടക്കുഴൽ അധരങ്ങളിൽനിന്നെടുത്തു അവളെ നോക്കി ഒരു പുഞ്ചിരി. അവൻ സുന്ദരനല്ലെങ്കിലും അവന്റെ മന്ദഹാസം അതിമനോജ്ഞമാണു്. അവന്നു് ഒരു കുട്ടിയുടേതുപോലെയുള്ള നയനങ്ങളുമുണ്ടു്.

അവൻ വിളിച്ചു ചോദിച്ചു, "എന്താ കൊച്ചമ്മേ?"

അവൾ പറഞ്ഞു, "വിജയാ ആ 'ദിനമണിവംശ' ഒന്നു പാടൂ. അതാണു് എനിക്കു് അധികം ഇഷ്ടം."

അവൻ തുടങ്ങി: ദിനമണിവംശം... ... ... ...

അരിവെപ്പുകാരൻ കൃഷ്ണൻനായർ വിജയൻെറ തലക്കൊന്നു കൊട്ടി, "മതിയാക്കടാ നിൻെറ രാഗവിസ്താരം. അടുക്കളയിൽ കുറച്ചു ജോലിയുണ്ടു്. ആ പേന ഒന്നു നറുക്കു്." ഒരു സുഷുപ്തിയിൽനിന്നുണർന്നതുപോലെ അവൻ കൺതുറന്നു അടുക്കളയിലേക്കു പോയി.

ദിങ്മുഖം ഇരുണ്ടുകൂടി. ഒരു നവോഢയെപ്പോലെ ചന്ദ്രൻ മേഘങ്ങൾക്കിടയിൽക്കൂടി എത്തിനോക്കി. അന്നുരാത്രി മുഴുവനും ആ ഓടക്കുഴൽനാദം രാധയുടെ ഹൃദയത്തിൽ തുളുമ്പിക്കൊണ്ടിരുന്നു.

വസന്തകാലത്തിലെ ഒരുഷസ്സു്. പൂങ്കാവനത്തിലെ ഒരു ചെമ്പകവൃക്ഷംചാരി രാധ നില്ക്കുന്നുണ്ടായിരുന്നു. പുതുകുസുമങ്ങളുടെ സൌരഭ്യം വായുമണ്ഡലത്തിൽ നിലീനമായിക്കൊണ്ടിരുന്നു. ഭ്രമരങ്ങൾ പുതുതേൻ നുകന്നുകൊണ്ടു അവളുടെ ചുറ്റും രാഗാലാപംചെയ്തു പാറിപ്പറന്നു. അപ്പോൾ അവളുടെ ഹൃദയവിപഞ്ചിയുടെ തന്ത്രികൾ പ്രകൃതി മെല്ലെ മീട്ടിക്കൊണ്ടിരുന്നു. അതു ശോകവും ശൃംഗാരവും കൂടിക്കലർന്ന ഒരു രംഗമായിരുന്നു. അവളുടെ വദനത്തോടടുത്തു വിടർന്നു നിന്നിരുന്ന പനിനീർപ്പുഷ്പങ്ങളെ ചുററിപ്പറന്നിരുന്ന തേനീച്ചകളും അതേ രാഗംതന്നെ എടുത്തു പാടി.

അപ്പോൾ വിജയൻ കാലികളെ ആട്ടിക്കൊണ്ടു വയലിലേക്കു യാത്രയായി. അവൻെറ പക്കൽ ഒരു ഓടക്കുഴലും ഒരു ചൂണ്ടലുമുണ്ടായിരുന്നു.

അവൾ കൈകൊട്ടിവിളിച്ചു, "വിജയാ വിജയാ." അവൻ അവളുടെ മുമ്പിൽ പ്രത്യക്ഷനായി. അന്നു അവൻെറ മുഖത്തിൽ അസാധാരണമായ ഒരു ലജ്ജയും ക്ഷീണവും ഉണ്ടായിരുന്നു.

രാധ—വിജയാ! നിനക്കെന്താണു ഇന്നു വല്ലാത്ത ക്ഷീണം?

വി—ഒന്നുമില്ല. കൊച്ചമ്മെ. ഒരു ചെറിയ ജലദോഷം മാത്രമാണു്.

രാ—ആട്ടെ, വിജയാ! നീ എവിടെനിന്നാണു ഇത്ര നല്ലപോലെ പാടുവാനും കുഴൽവിളിക്കുവാനും പഠിച്ചതു്.

വി—എൻെറ അച്ഛൻ സമർത്ഥനായ ഒരു ഭാഗവതർ ആയിരുന്നു. കേശവഭാഗവതരെ അറിയാത്തവർ ഈ നാട്ടിലുണ്ടായിരുന്നില്ല. വളരെനാൾ അദ്ദേഹത്തിന്നു എന്നെ പഠിപ്പിക്കുവാൻ സാധിച്ചില്ല. എനിക്കു പതിനൊന്നുവയസ്സുള്ളപ്പോൾ അദ്ദേഹം മരിച്ചുപോയി.

രാ—കഷ്ടം! മഹാ കഷ്ടം! വിജയന്നു അമ്മയില്ലേ?

വി—ഇല്ല! എനിക്കു അമ്മയെ കണ്ടതായ ഒരു നേരിയ ഓർമ്മ മാത്രമേയുള്ളൂ. എനിക്കു മൂന്നുവയസ്സു പ്രായമുള്ളപ്പോൾ അവരും മരിച്ചു.

ആ ബാലികയുടെ നയനങ്ങളിൽ ബാഷ്പകണങ്ങൾ നിറഞ്ഞു. അവൾ വ്യസനസമേതം ചോദിച്ചു: "വിജയന്നു് ഇപ്പോൾ ആരുമില്ല അല്ലേ?" അവന്റെ അധരങ്ങൾ അല്പം വിടൎന്നു. ഒരു പുഞ്ചിരി! "ഇല്ലാ കൊച്ചമ്മെ, എനിക്കു ഞാൻ മാത്രമേയുള്ളൂ."

അവൾ ഉദ്ദേശിച്ചിരുന്ന വ്യസനം ഒന്നും അവന്റെ വദനത്തിൽ പ്രതിഫലിച്ചുകണ്ടില്ല. അവൾ വീണ്ടും ചോദിച്ചു "വിജയന്നു ഇവിടെ താമസിക്കുവാൻ ഇഷ്ടം ഇല്ലേ?"

"ഉവ്വ്."

"വിജയാ, പിന്നെ എന്തുകൊണ്ടായിരുന്നു കഴിഞ്ഞകൊല്ലത്തിൽ നീ ഇവിടെ നിന്നു രണ്ടുമൂന്നുവട്ടം ഓടിപ്പോയതു്."

വി—ഏതെങ്കിലും നാടകക്കമ്പെനിയിൽ ചേൎന്നു് ഒരു നടനായി കീൎത്തി സമ്പാദിക്കണമെന്നുള്ള ഏകാഗ്രഹംകൊണ്ടുമാത്രമായിരുന്നു.

രാ—പിന്നെ വിജയൻ എന്തിനാണു് ഇങ്ങോട്ടുതന്നെ തിരിച്ചു പോന്നതു്.

വി—ഒരു ദിക്കിലും എനിക്കു ഒരു പിടിയും കിട്ടാഞ്ഞതു കൊണ്ടു ഇങ്ങോട്ടുതന്നെ മടങ്ങിപ്പോന്നു.

രാ—എന്നാൽ വിജയൻ ഒരു ദിക്കിലും പോകേണ്ട. ഇവിടെ തന്നെ സുഖമായി ജീവിച്ചുകൊൾക.

അവൻ വിക്കി; പക്ഷെ മുഴുവൻ പറഞ്ഞില്ല. അവിടെനിന്നോടി അവൻ ദൂരെ മേഞ്ഞുനടന്നിരുന്ന കന്നുകാലികളുടെ മദ്ധ്യത്തിൽ എത്തിച്ചേൎന്നു.

രാധ അവളുടെ മുറിയിലേക്കു തിരിച്ചു. അപ്പോൾ വയലിൽ നിന്നു വിജയന്റെ ഓടക്കുഴൽ നാദം കേൾക്കുന്നുണ്ടായിരുന്നു. അതു ശോകരസപ്രധാനമായ ഒരു സംഗീതമായിരുന്നു.

വൎഷാരംഭത്തിൽ രാധ പനി പിടിപ്പെട്ടു കിടപ്പിലായി.

അന്നുമുതൽ വിജയൻ അവന്റെ ഓടക്കുഴൽ തൊട്ടില്ല. അവന്റെ ഹൃദയത്തിൽ നിന്നു സംഗീതം പുറപ്പെട്ടില്ല. കന്നുകാലികളെ ആട്ടി മൈതാനത്തിൽ ആക്കിയാൽ അവൻ ഓടി രാധ കിട

ക്കുന്ന മുറിയുടെ വാതില്ക്കലെത്തും. നിറഞ്ഞ നയനങ്ങളോടുകൂടി അവൻ അവളെ നോക്കിനില്ക്കും.

രാധയുടെ പനി വളരെ ഭേദപ്പെട്ടു. ഒരു മദ്ധ്യാഹ്നം. തീരെ മഴയുണ്ടായിരുന്നില്ല. രാധ നിദ്രയിൽ നിന്നുണർന്നപ്പോൾ വിജയൻ അവളുടെ മുമ്പിൽ വിയർത്തൊലിച്ചു നില്ക്കുന്നുണ്ടായിരുന്നു. അവൻ അല്പം ലജ്ജയോടുകൂടി ചോദിച്ചു, "ഇപ്പോൾ പനിക്കുന്നുണ്ടോ?" രാധ മന്ദസ്മിതംതൂകി പറഞ്ഞു, "വിജയൻ തൊട്ടുനോക്കൂ." അവൾ അവളുടെ ചടച്ച കരം നീട്ടി. പക്ഷേ അവന്ന് അതു സ്പർശിക്കുന്നതിന്നു ധൈര്യമുണ്ടായില്ല.

അവൾ കരം നീട്ടി വീണ്ടും പറഞ്ഞു "വിജയാ തൊട്ടുനോക്കൂ, പനിക്കുന്നുണ്ടോയെന്ന്." അവൻ വിറച്ചുകൊണ്ട് അവളുടെ തളിർ കരം സ്വീകരിച്ചു. സ്പർശനത്തിന്റെ മാധുര്യം അവന്റെ സകലേന്ദ്രിയങ്ങളിലും കലർന്നു. ഒരപരാധമാണു താൻ ചെയ്യുന്നതെന്ന് അവൻ വിചാരിച്ചു.

അവൾ ചരിഞ്ഞു കിടന്നു വിജയനെ നോക്കി പറഞ്ഞു, "എന്താ വിജയന്ന് ഒരു വല്ലാത്ത ക്ഷീണം?"

വി—ഒന്നുമില്ല. ഞാൻ ഇപ്പോൾതന്നെ വെയിലത്തുനിന്നു കയറിയതേ ഉള്ളൂ, അതാണ്.

രാ—വിജയന്റെ ഓടക്കുഴൽനാദം ഇപ്പോൾ കേൾക്കാറില്ലല്ലോ.

വി—കുറെ നാളായി ഞാനതു വിളിക്കാറില്ല. അത്രേയുള്ളൂ.

രാ—എന്റെ സുഖക്കേടെല്ലാം വളരെ ആശ്വാസത്തിലായി. ഇന്ന് എനിക്കു വിജയന്റെ സംഗീതം കുറച്ചുനേരം കേൾക്കണം. എനിക്കുവേണ്ടി കുറച്ചുനേരം വിളിക്കാമോ?

വി—ഉവ്വ്.

ആ സായാഹ്നത്തിൽ 'വിജയ'ന്റെ ഓടക്കുഴൽനാദം ഉയർന്നു പൊങ്ങി. 'ആനന്ദഭൈരവി'യുടെ ആലാപങ്ങൾ അവളുടെ കൺപോളകൾക്കു ഘനംകൂട്ടി. അവൾ ഉറങ്ങിയെങ്കിലും അവളുടെ ഹൃദയം ആ ഓടക്കുഴൽനാദം കേട്ടുകൊണ്ടിരുന്നു.

ദിവസങ്ങൾ മാസങ്ങൾ ആയി, വസന്തം വീണ്ടും വന്നു. 'രാധ'യുടെ പൂങ്കാവനം ഒരു സുന്ദരിയായ നർത്തകിയെപ്പോലെ മനോജ്ഞമായിരുന്നു. അന്നു പ്രഭാതത്തിൽ 'വിജയൻ' അവിടെ ചെടികൾ നനക്കുന്നുണ്ടായിരുന്നു. നിരാശാജനകമായ നെടുവീർപ്പുകൾ ഇടയ്ക്കിടയ്ക്കു

അവൻെറ നാസികാദ്വാരങ്ങളിൽകൂടി പുറത്തേയ്ക്കു ചാടിക്കൊണ്ടിരുന്നു. അവൻെറ അധരങ്ങൾ അല്പം കോടിയും നയനങ്ങൾ രക്തവൎണ്ണമായും ഇരുന്നു. തുടിച്ചു നിഷ്കളങ്കമായിരുന്ന അവൻെറ വദനത്തിൽ വൃഥ ചില ചുളിവുകളും വരകളും ഉണ്ടാക്കി.

അവൻെറ പുറത്തു കുറെ പൂമൊട്ടുകൾവന്നു വീണു; അവൻ തിരിഞ്ഞുനോക്കി. 'രാധ' പുഞ്ചിരിതൂകി അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവൾ ചോദിച്ചു "വിജയ എന്താണു നിനക്കിത്ര ക്ഷീണം."

വി—ഒന്നുമില്ല.

രാ—വിജയൻ കുറെനാളായല്ലൊ ക്ഷീണിച്ചുവരുന്നു? നിനക്കു പണ്ടത്തെപോലെ സന്തോഷവും ഇല്ലല്ലോ! എന്താണിതിന്നു കാരണം?

വി—എനിക്കു വിശേഷിച്ച് ഒരു സുഖക്കേടുമില്ല.

രാ—ഞാൻ അച്ഛനോടു പറഞ്ഞു പശുക്കളെ നോക്കുവാൻ വേറെ ഒരാളെ നിയമിക്കാം. വിജയൻ കുറെ നാൾ സ്വസ്ഥനായിരിക്കു! പൂൎണ്ണസുഖമായിട്ടു ജോലിയിൽ പ്രവേശിച്ചാൽ മതി.

വി—വേണ്ട, ദയവായി എനിക്കുവേണ്ടി ആരോടും ഒന്നും പറയേണമെന്നില്ല.

രാ—എന്നാൽ ഒരു വൈദ്യനെ കാണിച്ചു കുറച്ചു മരുന്നു സേവിച്ചാലോ?

വി—വേണ്ട!

അവൾ ശാന്തമായി ചോദിച്ചു "വിജയ! നിനക്കെന്താണു വേണ്ടതു, പറയൂ?"

വി—ഒന്നുംവേണ്ട.

അവൾ അവനോടു കുറേക്കൂടി അടുത്തുനിന്ന്, അനുകമ്പയോടുകൂടി അവൻെറ മുഖത്തേയ്ക്കു നോക്കി. അപ്പോൾ അവളുടെ സാരിയുടെ തലകാററിൽ ആടി അവൻെറ വിയൎത്ത ശരീരത്തെ സ്പൎശിക്കുന്നുണ്ടായിരുന്നു. ചീകാതെയിട്ടിരുന്ന അവൻെറ ചുരുണ്ട തലമുടികളെ തെന്നൽ അവൻെറ ഫാലദേശത്തിൽ ചാഞ്ചാടികളിപ്പിച്ചിരുന്നു.

അവൾ പിറുപിറുത്തു,"വിജയാ, നിനക്കെന്നും എൻെറ ഭവനത്തിൽ താമസിച്ചുകൂടെ?" അവൻ വിക്കി, "അതെങ്ങിനെയാണ്?"

അവൻ പിന്നെ അരക്ഷണം അവിടെ നിന്നില്ല. രാധ നോക്കിയപ്പോൾ അവൻ ചിന്താമഗ്നനായി തൊഴുത്തിൻെറ ചെറുതിണ്ണമേൽ ചാരിയിരിക്കുന്നുണ്ടായിരുന്നു.

സന്ധ്യയ്ക്കു 'മാധവപ്പണിക്കരു'ടെ മന്ദിരത്തിൻെറ മുമ്പിലിട്ടിരുന്ന

മനോജ്ഞമായ കല്യാണപ്പന്തലിൽ വാദ്യഘോഷങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. അന്നു രാധയുടെ വിവാഹദിനമാണ്. മംഗല്യം കഴിയുന്നത്ര ആഡംബരത്തോടും ആനന്ദത്തോടുംകൂടി കഴിക്കണമെന്നു മാധവപണിക്കർ തീർച്ചയാക്കിയിട്ടുണ്ട്. പണത്തിന്റെ മുകളിൽ കാലും നീട്ടിയിരിക്കുന്ന ഒരുവന്ന് അതു അസാദ്ധ്യമല്ലല്ലോ! നാട്ടിലെ പ്രമാണികളുടേയും ഉദ്യോഗസ്ഥന്മാരുടേയും കാറുകൾ മുററത്ത് അണിനിരന്നു. ഉത്സാഹഭരിതരായ ജനങ്ങളുടെ തിരക്കും തിരക്കും ആ ദിക്കെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. അരിവെപ്പുകാരൻ കൃഷ്ണൻനായർ പിറുപിറുത്തുംകൊണ്ട് അവിടെയെല്ലാം വിജയനെ അന്വേഷിച്ചു; പക്ഷേ എങ്ങും കണ്ടില്ല. അയാൾ മുരണ്ടു, "ആ മടിയൻ എവിടെയോ പോയി കിടന്നുറങ്ങുകയാണ്."

പുഷ്പകുസുമങ്ങളാൽ അലംകൃതമായ പട്ടുകിടക്കമേൽ രാധ മലർന്നു കിടന്നു. അന്നു രാത്രി മുഴുവനും അവൾക്കു ഉറക്കംവന്നില്ല. അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു നേരംവെളുപ്പിച്ചു.

അവൾ എണീററു ജാലകം തള്ളിത്തുറന്നു. ചന്ദ്രന്റെ മുമ്പിൽ ഒരു കാർമേഘം മൂടുപടമായി കിടന്നിരുന്നു. എങ്ങും നിശ്ശബ്ദത. അവളുടെ മുറിയിൽ വെച്ചിരുന്ന ഘടികാരത്തിന്റെ നീണ്ട നാക്കു ഒരേ ഒരു സ്വരത്തിൽ ആ രാത്രിയിലെ നിമിഷങ്ങളെ അടിച്ചകററിക്കൊണ്ടിരുന്നു! അപ്പോൾ അവളുടെ പൂങ്കാവനത്തിൽനിന്നും ഒരു ഓടക്കുഴൽനാദം! അവൾ സശ്രദ്ധം ചെവിപാർത്തു. അത് ഓടക്കുഴൽനാദമല്ലായിരുന്നു. നദീവക്കത്തു നിബിഡമായ് വളർന്നുനിന്നിരുന്ന ഓടപ്പുല്ലുകൾക്കിടയിൽക്കൂടി കാററ് ഊതുന്നതായിരുന്നു. അപ്പോൾ വന്നുനിന്നു അവളുടെ മുമ്പിൽ വിജയന്റെ 'ജടപിടിച്ച' തല. അവൾ വിളിച്ചു, "വിജയാ! വിജയാ!" പക്ഷെ അവിടെ ആരുമില്ലായിരുന്നു.

അസ്വസ്ഥചിത്തയായി അവൾ കിടക്കമേൽ മലർന്നടിച്ചു. ആ ഇടയച്ചെറുക്കന്റെ വിഗ്രഹം അവളുടെ ഹൃദയത്തിൽനിന്നു മാഞ്ഞുപോയില്ല, അവൾ അവനെ സ്നേഹിക്കുന്നില്ലെന്നു അവൾ ദൃഢമായി വിശ്വസിച്ചു. പക്ഷെ, എന്തോ ഒന്ന്.

പെട്ടെന്നു അവളുടെ കിടക്കമേൽ എന്തോ ഒരു സാധനം വന്നു വീണു. അവൾ തപ്പിയെടുത്തു. അതൊരു തകർന്ന ഓടക്കുഴൽ ആയിരുന്നു. ആരോ ഒരാൾ വരാന്തയിൽക്കൂടി സാവധാനം നടന്നു പോകുന്നതായി അവൾ കണ്ടു. അവൾ പരിഭ്രമത്തോടുകൂടി ചോദിച്ചു "ആരാത്? വിജ

യനല്ലേ?" ആരും അതിന്നുത്തരം പറഞ്ഞില്ല. ആ വിശാലമുറിയിൽ നിന്നൊരു പ്രതിദ്ധ്വനി "ആരാതു്? വിജയനല്ലേ?" അടുത്തനിമിഷം തന്നെ മുററത്തു പൂട്ടിയിട്ടിരുന്ന നായയുടെ ഒരു ദയനീയശബ്ദം. അതു അന്ധകാരത്തിന്റെ നിശ്ശബ്ദതയെ ചീന്തിപ്പൊളിച്ചപോലെ അവൾക്കു തോന്നി. അവൾ ആ പൊളിഞ്ഞ ഓടക്കുഴൽ അപ്പോൾതന്നെ അവളുടെ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചു. അപ്പോൾ അവളുടെ ഹൃദയത്തിൽനിന്നൊരു ചോദ്യം, "ഹേയ്! ബാലികേ! ഇതെന്തിനാണു് ഇത്ര ഭദ്രമായി സൂക്ഷിക്കുന്നതു്?"

"വെറുതെ!!" എന്നവൾ പിറുപിറുത്തു.

സി. കെ. എസ്സ്.

# ജെ. ഡബ്ളിയു. എൻ. സല്ലിവൻ.

അദ്ദേഹത്തെക്കുറിച്ച് അധികം പേർ കേട്ടിരിക്കയില്ല. ഇൻഡ്യയിലെന്നല്ല, ഇംഗ്ലണ്ടിലും. അത്ര ഒതുങ്ങിയേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. നിര്യ്യാണാനന്തരം അദ്ദേഹത്തിൻെറ നിരൂപകന്മാർ പറയുന്ന കാര്യ്യങ്ങൾ നോക്കുമ്പോൾ, ഈ നൂററാണ്ടിലെ വിചാരകുശലരായ സൂരികളിൽ ഒരുവനാണ് അദ്ദേഹമെന്നു സമ്മതിക്കണം. പക്ഷേ ആ യോഗ്യതക്കനുരൂപമായവിധം ലോകസമക്ഷം ഉയരുന്നതിന് അദ്ദേഹത്തിനു ഭാഗധേയമുണ്ടായില്ല. ഒട്ടൊക്കെ സ്വയം ഘോഷണമല്ലേ ഇന്ന് ആരുടേയും ഉന്നതിക്കാധാരം?

പകുതി സ്വന്തം കഥയും പകുതി കല്പിതകഥയും എന്ന മട്ടിൽ അദ്ദേഹം എഴുതിയിട്ടുള്ളൊരു ഉൽകൃഷ്ടഗ്രന്ഥമാണ് But for the Grace of God എന്നുള്ളതു്. അതിനെ ആസ്പദമാക്കി പറയുകയാണെങ്കിൽ അദ്ദേഹം, ഐർലാണ്ടിൽനിന്നു ലണ്ടനിലേക്കു് ഉദ്യോഗാർത്ഥിയായി വന്നൊരു നാവികൻെറ പുത്രനായിരുന്നു. അന്നു സല്ലിവന് 14 വയസ്സേ ഉണ്ടായിരുന്നുള്ളു. പിതാവു സർവ്വകലാശാലാവിദ്യാഭ്യാസത്തിനായി അദ്ദേഹത്തെ അയക്കാൻ ഒരുങ്ങി. എന്നാൽ സല്ലിവൻ ആ നിയോഗത്തെ ആദരിച്ചില്ല. പരീക്ഷയെ ഒരു പിശാചികയായി അദ്ദേഹം വിചാരിച്ചിരുന്നു. അതിനെ പേടിച്ചാണ് അദ്ദേഹം ഉന്നതവിദ്യാഭ്യാസം വെടിഞ്ഞതത്രെ. ഒരിടത്തു അദ്ദേഹം അതു തുറന്നു പറഞ്ഞിട്ടുണ്ടു്. കേട്ടാലും:—"That proposal aroused in my imagination a vista of unending examinations, filled me with horror. I pleaded with all my might against so dreadful a fate, and I won my point. It was decided therefore, that I should get a job'. അങ്ങനെ ആ കുട്ടിക്കാലത്തുതന്നെ അദ്ദേഹം ഒരു കമ്പനിയിൽ ജോലിക്കാരനായി. വൈദ്യുതസാമഗ്രികൾ ഉണ്ടാക്കിയിരുന്ന ഒരു കമ്പനിയാണ് അദ്ദേഹം തിരഞ്ഞെടുത്തതു്. അതു് അപ്പോൾ പത്ഥ്യമായി തോന്നിയെന്നേയുള്ളു. പക്ഷേ അദ്ദേഹത്തിൻെറ ജീവിതത്തിന് സ്വച്ഛന്ദം വികസിക്കുവാൻ വേണ്ട സൌകര്യ്യമൊന്നും അവിടെ ഉപലബ്ധമായിരുന്നില്ല. കുറെക്കാലം അദ്ദേഹത്തിൻെറ ബുദ്ധി, കൂട്ടിലിട്ട കിളിയെപ്പോലെ ബഹിർഗ്ഗമനാർത്ഥം വെമ്പിക്കൊണ്ടിരുന്നു. നവനവങ്ങളായ സാമഗ്രികളുടെ നിർമ്മാണത്തിനു ഉപകരിക്കുമാറ് വൈജ്ഞാനികങ്ങളായ പര്യ്യവേക്ഷണങ്ങൾ നടത്തുവാൻ അദ്ദേഹത്തിനു ആദ്യം അല്പം കൌതുകം തോന്നി. എങ്കിലും അതുകൊണ്ടു് അദ്ദേഹത്തിൻെറ ജ്ഞാനതൃഷ്ണ അടങ്ങിയില്ല. സ്വയമേവ

ഗ്രന്ഥങ്ങൾ വായിച്ച് ആ മതിശാലി 'സയൻസി'ൽ കേവലജ്ഞാനം സമ്പാദിക്കുവാൻ ബദ്ധപരികരനായിറങ്ങി. ആയുശ്ശേഷം മുഴുവൻ അദ്ദേഹം അതിനായി വിനിയോഗിച്ചു. സാഹിത്യം, സംഗീതം, പദാർത്ഥവിജ്ഞാനം ഇവയായിരുന്നു സള്ളിവന്റെ പ്രാണമിത്രങ്ങൾ. മൂന്നിനോടും അദ്ദേഹം എത്ര ഗാഢമായി ബന്ധപ്പെട്ടിരുന്നുവെന്നു കാണണമെങ്കിൽ അദ്ദേഹത്തിന്റെ സുരുചിരങ്ങളായ ഉപന്യാസമാലികകൾ നോക്കിയാൽ മതി.

ഇവിടെ ഒരു കാര്യം വിശിഷ്യ സ്മരിക്കേണ്ടിയിരിക്കുന്നു. സള്ളിവനു് ഉയൎന്ന വിദ്യാഭ്യാസം യാതൊന്നും ഉണ്ടായിട്ടില്ല. താണക്ലാസ്സുകളിൽനിന്നു കിട്ടിയ ഏറാവും പരിമിതമായ ഭാഷാജ്ഞാനവും നവീനസംസ്കാരവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. അതു വെച്ചുകൊണ്ടാണു അദ്ദേഹം വിജ്ഞാനത്തിന്റെ വിപണികയിൽ തരിമ്പുംക്ലേശമെന്നിയെ വമ്പിച്ച വ്യവസായങ്ങൾ നടത്തി വിജയവിഭൂഷിതനായതെന്നുകേൾക്കുമ്പോൾ ആർ അത്ഭുതപ്പെടുകയില്ല!

യദി സന്തി ഗുണാഃ പുംസാം
വികസന്ത്യേവ തേ സ്വയം.

ലണ്ടൻ ടൈംസ് പത്രം സള്ളിവനെക്കുറിച്ചെഴുതിയിട്ടുള്ള മുഖപ്രസംഗത്തിൽ ഒരു ഭാഗം ഇവിടെ സംക്ഷേപിച്ചുകൊള്ളട്ടെ:— "മി. സള്ളിവൻ ഇന്നത്തെ സയൻസിന്റെ, വിശേഷിച്ചു ഗണിതോപസ്കൃതമായ പദാർത്ഥവിജ്ഞാനത്തിന്റെ നിപുണനായൊരു ഭാഷ്യകാരനായിരുന്നു. പ്രതിപാദിക്കുന്ന വിഷയത്തിന്റെ സംപൂർണ്ണമായ ജ്ഞാനം അദ്ദേഹത്തെ ആ സ്ഥാനത്തിനു സർവ്വഥാ യോഗ്യനാക്കി. ഉപരിഗണിതത്തിൽ മി. സള്ളിവനു നല്ല ഉപസ്ഥിതി ഉണ്ടായിരുന്നു. തന്നിമിത്തമാണു അദ്ദേഹത്തിനു്, ലോകമഹായുദ്ധത്തിനുശേഷം ഐൻസ്റ്റീന്റെ ആപേക്ഷികതാസിദ്ധാന്തം (The theory of Relativity.) വിജ്ഞലോകത്തെ ക്ഷോഭിപ്പിച്ചപ്പോൾ അതിന്റെ ഉപപത്തിയെന്തെന്നു് അന്വേഷിച്ചുപിടിക്കുവാൻ കഴിഞ്ഞതു്. അന്നു് ആ സിദ്ധാന്തത്തിന്റെ സാങ്കേതികരൂപങ്ങൾക്കപ്പുറം കടന്നുകയറി കാര്യം ഗ്രഹിച്ച ചുരുക്കം ചില മഹാമതികളിൽ ഒരുവനായിരുന്നു മി. സള്ളിവൻ. താൻ മനസ്സിലാക്കിയിട്ടുള്ള ഗഹനതത്വങ്ങൾ സാധാരണന്മാൎക്കുകൂടി സുഗ്രഹമാകത്തക്കവിധം ലളിതകോമളമായ രീതിയിൽ ഉപപാദിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം ഒന്നു വേറെയാണു്. അദ്ദേഹത്തിന്റെ ഉദാഹരണങ്ങളും വിവരണങ്ങളും ആരേയും രസിപ്പിക്കും. നാനാപ്രമേയസങ്കുലമായ 'സയൻസി'ന്റെ പ്രവക്താവെന്ന നിലയിൽ മി. സള്ളി

വൻ, സർ ജെയിംസ് ജീൻസിന്റേയും സർ ആർതർ എഡിംഗ്ടന്റേയും പദവിയിൽ എത്തിയിട്ടുണ്ട്." ലണ്ടൺടൈംസ് ചെയ്തിട്ടുള്ള ഈ പട്ടാഭിഷേകം സള്ളിവൻ കാംക്ഷിച്ചിരിക്കയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം ജീൻസിനേയും എഡിംഗ്ടനേയും സർവ്വാത്മനാ വന്ദിച്ചിരുന്നവനാണ്. തന്റെ സിദ്ധാന്തം സമഗ്രമായി ധരിച്ചവരിൽ ഒരാൾ സള്ളിവനാണെന്ന് ഐൻസ്റ്റീൻ തന്നെ നേരിട്ട് പറഞ്ഞിട്ടും സള്ളിവൻ അഭിമാനോന്മത്തനായിട്ടില്ല. മരണത്തിന്റെ തലേ ദിവസംവരെ ആ ധീശാലി ഐൻസ്റ്റീന്റെ സ്ഥലകാലകല്പനകളെപ്പറ്റി ചിന്തിക്കയും എഴുതുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അന്തിമപ്രബന്ധങ്ങളിൽ ഒന്നു 'മനുഷ്യൻ സ്ഥലകാലങ്ങളെ അതിലംഘിക്കുമോ?' എന്നതിനെക്കുറിച്ചായിരുന്നു. നിശ്ചയമായും അദ്ദേഹം ഇപ്പോഴെങ്കിലും ആ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയിരിക്കണം. അതു നിഷേധരൂപത്തിലായിരിക്കയില്ലെന്നു അദ്ദേഹം പണ്ടേ പലരോടും പറഞ്ഞിട്ടുണ്ട്.

വരമൊഴിയിലെന്നപോലെ വാമൊഴിയിലും സള്ളിവൻ പ്രവീണനായിരുന്നു. എങ്ങനെയെല്ലാം എഴുതിയാലും സ്പഷ്ടമാവാത്ത അഗാധവിഷയങ്ങൾ അരമണിക്കൂർ നേരത്തെ സംഭാഷണംകൊണ്ട് ആർക്കും അവഗമ്യമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ഐൻസ്റ്റീന്റെ സിദ്ധാന്തത്തെപ്പറ്റിയാണ് സംഭാഷണമെന്നുവരികിൽ അദ്ദേഹത്തിന്റെ ഉത്സാഹം ഉദ്ദാമമായി കാണപ്പെട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ സയൻസിന്റെ ഉപജ്ഞാതാക്കളായി ശോഭിക്കുന്ന മനീഷികളെ സന്ദർശിച്ച് അവരുടെ വൈജ്ഞാനിക നിഗമനങ്ങളെ സംബന്ധിച്ച് എത്രയെത്ര സൈ്വരഭാഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടെന്നോ! ഏതാനും സംവത്സരങ്ങൾക്കു മുമ്പു, ആ കൂടിക്കാഴ്ചകളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം ഒരു ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സള്ളിവന്റെ Contemporary Mind എന്ന ഗ്രന്ഥം ആ ലേഖനതല്ലജങ്ങളുടെ സമാഹാരമാണ്.

ഉന്നതിയെ ഉദ്ദേശിക്കാതെ സള്ളിവൻ ശാന്തമായും നിരന്തരമായും ജ്ഞാനാർജ്ജനം ചെയ്തുകൊണ്ടിരുന്നതിൽ ഖേദിച്ചിട്ടുള്ള സുഹൃത്തുക്കൾ കുറച്ചല്ല. അവരുടെ അനുശോചനങ്ങൾക്ക് അദ്ദേഹം നൽകിയ മറുപടി അർത്ഥവത്തായൊരു മൌനം മാത്രമായിരുന്നു. അതിൽ അന്തർഭവിച്ചിരുന്നതു് അകൃതാർത്ഥതയോ അനിച്ഛയോ? ആരറിഞ്ഞു! എങ്ങനെയായാലും അര ഡസനിലധികം കൃതികൾ അദ്ദേഹത്തിന്റെ മേന്മക്കു നികഷങ്ങളായിട്ടുണ്ടെന്നു സമാധാനിക്കാം.

സള്ളിവൻ ഒരുമാതിരി അന്തർമുഖഹൃദയനായിരുന്നു. ജനസമുദായത്തിൽ കടന്നു തിക്കും തിരക്കും കൂട്ടുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ദുശ്ശമമായ ജ്ഞാനലിപ്സയാൽ സംപ്രേരിതനായ അദ്ദേഹം അധികം സമയവും വായനയ്ക്കും വിചാരത്തിന്നും വേണ്ടി ഉപയോഗിച്ചു. ഗ്രന്ഥനിക്ഷിപ്തനേത്രനായിരുന്ന വേളകളിൽ അദ്ദേഹത്തിന്റെ ഏകാഗ്രത വിസ്മാപകമായിരുന്നു. സമകാലികന്മാരായ വാദപ്രാന്മാരുടെ വിചിന്തനങ്ങളെക്കാൾ പതിന്മടങ്ങു ഗഹനങ്ങളായിരുന്നു അദ്ദേഹത്തിന്റെ അന്തർന്നിഗമനങ്ങൾ. പക്ഷേ അവർ ബഹുജനസമ്പർക്കദ്വാരാ മഹാന്മാരായി വിളങ്ങി. അദ്ദേഹമോ ഘടദീപം മാത്രം. പരമാർത്ഥത്തിൽ സള്ളിവൻ അദ്ദേഹത്തിന്റെ കർമ്മങ്ങളാൽ അളക്കപ്പെടേണ്ടവനല്ല. ക്രിയയെക്കവിഞ്ഞൊരു കർത്താവാകുന്നു അദ്ദേഹം. അദ്ദേഹത്തെ നേരിട്ടറിഞ്ഞവർക്കേ അദ്ദേഹത്തിന്റെ മഹത്വം മനസ്സിലാവുകയുള്ളൂ. ഏററവും പ്രസിദ്ധന്മാരല്ല ഏററവും കേമന്മാർ എന്ന തത്വത്തിന്നു് ഒരുദാഹരണമാണു് സള്ളിവൻ. തടിച്ചുഴഞ്ഞ ശരീരം, കണ്ണടച്ചില്ലുകളിൽകൂടിയുള്ള തറച്ചുകയറുന്ന നോട്ടം, പാറിപ്പറന്ന കേശം, പെട്ടെന്നു് ഇടക്കുകയറിയുള്ള വിവാദം, അതിനെ മധുരീകരിക്കുന്ന ഫലിതം—ഇവയെല്ലാം ഉൾക്കൊണ്ട സ്വരൂപം അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെക്കാൾ അധികം സ്മരണീയമാണു്.

സള്ളിവന്നു് ഡോസ്റ്റവെസ്കിയുടെ കൃതികളോടു അളവററ ബഹുമാനം തോന്നിയിരുന്നു. ലോകത്തിലെ ഏററവും ശ്ലാഘ്യനായ ആഖ്യായികാകാരൻ ഡോസ്റ്റവെസ്കിയാണെന്നു് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ടു്. സർ ഐസക് ന്യൂട്ടനായിരുന്നു സള്ളിവന്റെ മറെറാരു ആരാധനാമൂർത്തി. ആ മഹാന്റെ ഒന്നാംതരം ഒരു ജീവചരിത്രം എഴുതാൻ അദ്ദേഹം വളരെ പരിശ്രമിക്കയുണ്ടായി.

ദ്രുതഗമനത്തിൽ സള്ളിവന്നു് എന്തെന്നില്ലാത്ത ഭ്രമമുണ്ടായിരുന്നു. ഓടുന്ന മോട്ടോർകാറിന്റെ ഒരു ചക്രമായെങ്കിൽ! എന്നിങ്ങനെ അദ്ദേഹം ആത്മഗതം ചെയ്യുമായിരുന്നുവത്രെ. മിക്ക ദിവസവും എഴുത്തോ വായനയോ കഴിഞ്ഞു സായാഹ്നത്തിൽ കുറെ ദൂരം വളരെവേഗം നടന്നു്, റോഡിന്നററത്തുള്ള ക്ലബ്ബിൽ കയറി ഒരു പാത്രം ബീർ വാങ്ങി കുടിച്ചു്, അദ്ദേഹം വിനോദിച്ചിരുന്നു. തദവസരങ്ങളിൽ അവിടെ കൂടിയിരുന്ന സാധാരണജനങ്ങളോടു സയൻസിലെ വൻകാര്യങ്ങളെക്കുറിച്ചു അദ്ദേഹം സരസമായി നർമ്മാലാപം ചെയ്യുമായിരുന്നതു വിശിഷ്യ വക്തവ്യമാണു്. അവരായിരുന്നു സള്ളിവന്റെ പ്രഥമഗണനീയരായ ശ്രോതാക്കൾ. ഒരുപക്ഷെ അവർക്കുവേണ്ടിയായിരിക്കാം അദ്ദേഹം ജീവിച്ചതു്. ശവസംസ്കാരവേളയിൽ അവർ വാർത്ത കണ്ണീർ അത്യധികമായിരുന്നു.

ജേ. എം.

# എന്റെ ദുർദ്ദശ.

(1) പരാസുവാം ജന്തുവിനുള്ള ചർമ്മം
പാദത്രമാകുന്നവനാണു മർത്ത്യൻ
അവൻ കരഞ്ഞാൽക്കരയട്ടെയെന്നു-
ണ്ടു്,ആവില്ല പുല്ലിന്റെ കരച്ചൽകേൾപ്പാൻ.

(2) മനുഷ്യനും പുല്ലിനുമേകപീഠം
കാണിച്ചൊരാബ്ഭാസുരനേത്രമേതോ
അടഞ്ഞുപോയ്പ്പോയതതാണു പച്ച-
പ്പുല്ലിന്റെ കണ്ണീരിനി തോരുകില്ല.

(3) കണ്ണീരിനാൽപ്പങ്കിലമാം പ്രദേശ-
ത്തെനിക്കു ജീവിപ്പതിനിഷ്ടമില്ല.
ഞാ,നന്നു പെട്ടെന്നു കുതിച്ചു വാനിൽ-
ത്താരങ്ങളോടൊട്ടിട കൂട്ടുകൂടി.

(4) വിണ്ണാട്ടിലെപ്പൊന്നഴകാർന്ന മാർഗ്ഗം
കോലാഹലം മാറ്റൊലികൊണ്ടതില്ലേ
ഊഴിക്കിരുട്ടെന്നുഴലാർന്നിടാതെ
മുഴക്കി ഞാൻ മംഗളപദ്യമാദ്യം.

(5) ആരും ക്ഷണിക്കാതതു ചെയ്തു മാന്യ-
സ്ഥാനത്തു ഞാനെൻതലപൊക്കിനില്ലേ
എന്നെപ്പിടിച്ചുന്തിയൊരാളിതാ ഞാ-
നാർത്തസ്വരം പൊങ്ങിയ പാരിൽ വീണ്ടും.

പൃഥ്വിരാജൻ.

# ഭാഷാവിഷയം.

**രാഷ്ട്രീയം**

അനവേക്ഷ്യ മഹാകവിപ്രയോഗാ
നനധീത്യാപി ച ശബ്ദശാസ്ത്രസാരം
കവിതാമമിതാം വിധിത്സതേ യഃ
സ ചികീർഷത്യുഡുമണ്ഡലേന മാലാം

എന്നൊരു പദ്യം 'കാക്കിഅപ്പൻ' എന്നു പ്രസിദ്ധനായ വിദ്വാൻ ഒരു സരസകവിക്കെഴുതി അയച്ചതായി കേട്ടിട്ടുണ്ടു്. ആ കവി അപ്പൻ നമ്പൂതിരിക്കയച്ച ഒരു പദ്യത്തിൽ 'ദദതി' എന്നു് ഏകവചനമായി എഴുതി കണ്ടതാണത്രെ ഈ പദ്യം എഴുതി അയപ്പാൻ കാരണം. വൈയാകരണന്മാൎക്കു പദം പിഴച്ചു കേട്ടാൽ തലവേദന പിടിക്കുന്നതു സാധാരണയാണു്.

കശ്ചിൽകാന്താ വിരഹഗുരുണാ സ്വാധികാരാൽ പ്രമത്തഃ
ശാപേനാസ്തംഗമിതമഹിമാ വർഷഭോഗ്യേണ ഭൎത്തുഃ
യക്ഷശ്ചക്രേ ജനകതനയാസ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാതരുഷു വസതിം രാമഗിൎയ്യാശ്രമേഷു.

എന്ന മേഘസന്ദേശപദ്യം ചൊല്ലുമ്പോൾ കശ്ചിൽകാന്താ എന്നായപ്പോഴെല്ലാം കാചിൽകാന്താ എന്നേ പ്രയോഗിക്കുവാൻ പാടുള്ളു എന്നു ആരോ ലഹള കൂട്ടിയത്രേ. അതുപോലെ ചിലപ്പോൾ മേലും കീഴും ആലോചിക്കാതെ അപാണിനീയം എന്നു ഘോഷിക്കുന്നവരും ഇല്ലെന്നില്ല. രാഷ്ട്രത്തിൽ ജനിച്ചതു് എന്ന അൎത്ഥത്തിൽ 'രാഷ്ട്രീയ'മെന്ന പദം പ്രയോഗിക്കുന്നതു ശരിയല്ല എന്നു് ഒരു പണ്ഡിതൻ ഈയിടെ പറഞ്ഞിരിക്കുന്നു. പാണിനി 'ഘ' പ്രത്യയമാണു വിധിച്ചിട്ടുള്ളതെങ്കിലും 'ഛ' പ്രത്യയത്തെ നിഷേധിച്ചിട്ടുണ്ടോ എന്നു ചിന്തിക്കുവാൻ അദ്ദേഹത്തിനു ക്ഷമയുണ്ടായിട്ടില്ലെന്നു തോന്നുന്നു. രാഷ്ട്രഭവം എന്ന അൎത്ഥത്തിൽ 'രാഷ്ട്രീയം' എന്നും 'രാഷ്ട്രിയം' എന്നും ആകാം എന്നു ശബ്ദസ്തോമമഹോദധിയിൽ കാണുന്നുണ്ടു്. ശബ്ദകല്പദ്രുമത്തിൽ 'രാഷ്ട്രീയഃ (രാഷ്ട്രേഭവ ഇതി രാഷ്ട്ര+ഛ)' എന്നാണു കാണുന്നതു്. രാഷ്ട്രസംബന്ധി എന്ന അൎത്ഥത്തിൽ

ധാന്യം ഹിരണ്യം ഭോഗേന
യഥാ രാഷ്ട്രീയസംഗതഃ

എന്നു മഹാഭാരതത്തിൽ പ്രയോഗമുണ്ടു്.

പ്രായേണ വൈയാകരണാഃ പിശാചാഃ
പ്രയോഗമന്ത്രേണ നിവാരണീയാഃ
ഉൽപ്ലുത്യുല്ലൂകവദാപതന്തോ
നവാരണീയാഃ ഖലു ശൌതമീയാഃ

എന്നു് ഇപ്പോഠം ഓൎമ്മയിൽവരുന്നു. വൈയാകരണപിശാചന്മാരുടെ ബാധയൊഴിപ്പാൻ പ്രയോഗമന്ത്രം മതിയാകും. ഔത്തരാഹഭാഷകളിൽ രാഷ്ട്രിയപദത്തിൻ്റെ പ്രയോഗം സുലഭമാണു്. മലയാളത്തിൽ രാഷ്ട്രിയപദം കടന്നുകൂടിയിട്ടു കാലം കുറച്ചായി. കുടിപാൎപ്പിച്ചവർ ദുൎബ്ബലന്മാരാണെന്നു വിചാരിപ്പാനും തരമില്ല. മഹാന്മാർ സമ്മതിച്ചു കഴിഞ്ഞാൽ വൈയാകരണന്മാൎക്കു വിലവെച്ചുകൊടുക്കേയ നിവൃത്തിയുള്ളു. കാളിദാസൻ 'വിശ്രാമം ലഭതാമിദംചശിഥിലജ്യാബന്ധമസ്മദ്ധനുഃ' എന്നു ശാകുന്തളത്തിലും ഭവഭൂതി 'വിശ്രാമോ ഹൃദയസ്യ യത്ര ജരസായസ്മിന്നഹാൎയ്യോരസഃ' എന്നുത്തരരാമചരിതത്തിലും പ്രയോഗിച്ച വിശ്രാമംകൊണ്ടു പെരുമാറുവാനാൎക്കും ഭയമില്ല. ഈ സ്ഥിതിക്കു രാഷ്ട്രീയത്തിൻ്റെ നേരെ നിയമം നടത്തിയാൽ നല്ല പന്തിയാകുമെന്നു തോന്നുന്നില്ല.

ക്ഷണനം.

ക്ഷണശബ്ദത്തിനു സംസ്കൃതത്തിൽ നിമിഷാൎത്ഥം പ്രസിദ്ധമാണു്. ഉൽസവം മുതലായ അൎത്ഥങ്ങളും, 'ക്ഷണം ക്ഷണോൽക്ഷിപ്തഗജേന്ദ്രകൃത്തിനാ' എന്നു തുടങ്ങിയ പ്രയോഗങ്ങളിൽ കാണാം. മലയാളികഠം ഉപയോഗിക്കുന്നവിധം ക്ഷണിക്കുക എന്ന അൎത്ഥത്തിലുള്ള പ്രയോഗം ദുൎല്ലഭമാണു്. ഉൽസവാൎത്ഥത്തിൽനിന്നു ലാക്ഷണികമായി വന്നതായിരിക്കുമോ മലയാളിയുടെ ക്ഷണനമാവോ? 'ഗൃഹീതഃ ക്ഷണഃ' എന്നു ശാകുന്തളത്തിൽ പ്രയോഗിച്ചിട്ടുള്ളതിനു മലയാളികളുടെ ക്ഷണത്തിൻ്റെ അൎത്ഥം തന്നെയാണു് എന്നു് ഒരു മലയാളിപണ്ഡിതൻ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇതിൻ്റെ സാധുത്വം ചിന്തനീയമാണു്. എങ്കിലും ഈ വഴിക്കാണോ ക്ഷണമുണ്ടായതെന്നു ചിന്തിപ്പാൻ രസമുണ്ടു്. സാമാന്യപക്ഷമല്ല മലയാളികഠം സ്വീകരിക്കാറുള്ളതു്. 'അഹോരഹാഭ്യാം ദേവാസ്സഃ' എന്നുകണ്ടപ്പോഠം അദ്ധ്യൻ പാൎത്ഥൻ എന്നിങ്ങനെ ഇരട്ടിച്ച വിധിയെടുത്തു. ഗാൎഹസ്ഥ്യം

കൂടാതെ വാനപ്രസ്ഥം സ്വീകരിക്കാമെന്നു ഒരു സ്മൃതി സമ്മതിച്ചപ്പോൾ മൂത്ത മകൻ മാത്രം വിവാഹം ചെയ്യു മാറുള്ളവർ അപ്പന്മാരായിരുന്നു. മലയാളികളുടെ മുൻകുടുമ, മരുമക്കത്തായം, നാട്യരീതി, ഗീതരീതി, മേളസ്വഭാവം തുടങ്ങിയ എല്ലാററിലും ഈദൃശമായ ഒരുമത്തം പ്രത്യക്ഷമായിക്കാണാം. എങ്ങിനെയായാലും ക്ഷണനം കൈരളിയിൽ കടന്നുകൂടിയിട്ടു കാലം കുറെയായി എന്നു തീൎത്തു പറയാം. അതിനുശേഷം കേരളപാണിനി വൎണ്ണവികാരങ്ങൾക്കു പറഞ്ഞിട്ടിക്കുന്ന കാരണങ്ങളിൽ ഒന്നാമത്തേതിലുൾപ്പെട്ട "അല്പജ്ഞന്മാരുടെ മിടുക്കിനുവേണ്ടിയുള്ള മാററം" ക്ഷണനത്തെയും ബാധിച്ചു ക്ഷണനം ക്ഷണനമായി എന്നു വരാം. ക്ഷണ് ധാതുവിൽ അന് ചേൎത്തു നാമമുണ്ടാക്കാമെന്ന വിചാരമല്ല ക്ഷണനത്തെ സൃഷ്ടിച്ചതു് എന്നു വിചാരിപ്പാൻ വഴിയുണ്ടു്. ക്ഷണനത്തിനു യഥാൎത്ഥംകൂടിയുള്ള സ്ഥിതിക്കു് അരസികന്മാരല്ലാത്ത കേരളപണ്ഡിതന്മാർ അതിനെ പൂജിച്ചിരുത്തുവാൻ തരമില്ല. ഉച്ചാരശബ്ദം വ്യാകരണദൃഷ്ട്യാ ശരിയായിരുന്നിട്ടും ഉച്ചാരണമെന്നല്ലാതെ ഉച്ചാരമെന്നു മലയാളികൾ പറഞ്ഞിരുന്നില്ല. മാമുരുച്ചാര ഏവ സഃ എന്നു തുടങ്ങിയ സന്ദൎഭങ്ങളിലെ അൎത്ഥപ്രതീതിയെ ഭയപ്പെട്ടിട്ടോ എന്തോ ഇത്ര കാലവും ഉച്ചാരത്തിനു മാന്യസ്ഥാനം കൊടുക്കാതെതന്നെ മലയാളികൾ കഴിച്ചുകൂട്ടി. ഇതുപോലെ കുറേക്കാലത്തേക്കെങ്കിലും ക്ഷണനം കൂടാതെ കേരളസാഹിത്യം കഴിഞ്ഞുകൂടിയിട്ടുണ്ടാകാം. ഏതായാലും ഉച്ചാരത്തിന്നെന്നപോലെ ക്ഷണനത്തിന്നും കൈരളിയുടെ മഹോത്സവത്തിൽ മതില്ക്കകത്തല്ലാതെ നാലമ്പലത്തിനുള്ളിൽ പ്രവേശമില്ലെന്നു കല്പിച്ചാൽ വലിയ തരക്കേടൊന്നുമുണ്ടെന്നു തോന്നുന്നില്ല.

മാലേയം

കാലേകദാചിദഥകാമിജനാനുകൂല
മാലയമാരുതവിലോളിതമാലതീകഃ
ലീലാരസേന വിചരൻ വിപിനേ വിനോദ-
ലോലാംസമീരണസുതോ രമണീമഭാണീൽ

എന്നു കോട്ടയത്തുതമ്പുരാൻ പ്രയോഗിച്ചതുപോലെ മലയശബ്ദത്തിൽനിന്നു മാലയമെന്നല്ലാതെ മാലേയശബ്ദം വ്യൽപാദിപ്പിച്ചതായി കേരളീയകൃതികളിൽ പലേടത്തും കാണാവുന്നതാണു്. മാലാശബ്ദത്തിൽ നിന്നുണ്ടാകുന്ന മാലേയശബ്ദമാണു് മാരുതനിൽ കാണു

ന്നാതെന്നു വിചാരിക്കുവാൻ തരമില്ല. മലയാനിലൻ എന്ന അർത്ഥത്തിലാണതിന്റെ പ്രയോഗമെന്നു സ്പഷ്ടം. സിദ്ധാന്തകൌമുദി മാലേയത്തെ സമ്മതിക്കുന്നുണ്ടോ എന്നു സംശയമാണു്. കേരളീയരല്ലാത്ത കവികൾ മാലേയശബ്ദം മലയസംബന്ധിയെന്നോ മലയജന്യമെന്നോ ഉള്ള അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കേണ്ടതായിരിക്കുന്നു. കോട്ടയം തമ്പുരാൻ, മഴമംഗലത്തു നമ്പൂതിരി മുതലായ മലയാളമഹാകവികൾക്കു മാലേയത്തിന്റെ പരിമളം വളരെ ഇഷ്ടമായിരുന്നു. കൈരളിക്കു അതു രുചിച്ചിട്ടുമുണ്ടു്. അതു അത്രത്തോളം ആസ്വാദ്യമായിരിക്കുന്നു.

മല്ലിനാഥൻ.

# ഐന്ദ്രജാലികൻ.

(തുടച്ച)

അപരിചിതൻ—രണ്ടു കുപ്പി ഇഞ്ചു് എടുക്കണം സാറെ.

ഷാ—(സംശയഭാവത്തിൽ ആയാളെ ഒന്നു വീക്ഷണം ചെയ്തിട്ടു) എടുക്കാം. പണമെടുക്കു്.

അപ—ശരിതന്നെ. പണം തരുന്നുണ്ടു്........

(പക്ഷേ, അയാൾ കാക്കിക്കീശയിൽ കൈയിട്ടു മാന്തുന്നതല്ലാതെ പണമെടുക്കുന്നില്ല. അയാളുടെ പക്കൽ പണമില്ലായിരിക്കണം. ആൾ പരുങ്ങുന്നതു കണ്ടു ഷാപ്പുകാരനു സംശയം ഉറച്ചു.

പക്ഷേ ആയാൾ ഒരു തത്വജ്ഞന്റെ ഗംഭീരഭാവം അവലംബിച്ചു. "അതവിടെ ചിലവായിഅല്ലേ?" എന്നു് ആത്മഗതമായി പറഞ്ഞു)

ഷാപ്പുകാരൻ—ഉണ്ടായിരുന്നുവെങ്കിൽ ചിലവായിട്ടുണ്ടാകും.

(ഷാപ്പുകാരന്റെ ഭാവം കണ്ടാൽ ആ മനുഷ്യൻ അവിടെനിന്നു പോകണമെന്നാണു തന്റെ ആഗ്രഹമെന്നു വ്യക്തമായിരുന്നുവെങ്കിലും അയാൾ അതു അറിഞ്ഞുവെന്നു നടിക്കുന്നില്ല. പുള്ളി അവിടെയിരിന്നു ആസനമുറപ്പിക്കുകയാണു ചെയ്യുന്നതു്.)

അപ—ഇതിനകത്തു തണുപ്പു ലേശവും കടക്കുന്നില്ല. ബഹുസുഖമായിരിക്കുന്നു.

വക്കീ—അല്ലെങ്കിലും ഇന്നു വലിയ തണുപ്പില്ല.

അപ—പുറമെ ഇതല്ല! നല്ല തണുത്ത കാററുണ്ടു്.

മൂന്നാമൻ—നിങ്ങൾ ദൂരെ വല്ലേടത്തും നിന്നാണോ വരുന്നതു്?

അപ—ഉം, കുറെയകലത്തുനിന്നാണു്.

മൂ—ഏതുവഴി?

അപ—ഞാൻ വാണിയങ്കുളത്തുനിന്നാണു വരുന്നതു്.

വക്കീ—വാണിയങ്കുളത്തുനിന്നോ? നിങ്ങൾ പോയിരുന്നോ വാണിയങ്കുളത്തു്?

അപ—പറഞ്ഞില്ലേ; വാണിയങ്കുളത്തുനിന്നാണു ഞാൻ വരുന്നതു്.

മൂ—ചന്തയിൽനിന്നാണോ?

അപ—ഉം.

ഷാ—ചന്ത കഴിഞ്ഞോ ഇപ്പോൾ?

അപ—(തലയാട്ടിക്കൊണ്ടു്) ഉവ്വു്. അതല്ലെ ഞാൻ ഇങ്ങോട്ടു പോന്നതു്.

വക്കി—ഓഹോ! അപ്പഴ് താൻ ചന്തയിൽ ഉൾപ്പെട്ട ആളാണോ?

അപ—ഞാൻ ചന്തയ്ക്കു പോകാറുണ്ട്, സാറെ! അതെൻെറ ബിസിന സ്സാണ്.

വക്കി—ങ്ഹാ. തനിക്കു ചന്തയിൽ ബിസിനസ്സുണ്ടോ?

അപ—ഉണ്ട്. ഞാനൊരു ഇന്ദ്രജാലക്കാരനാണ്.

ഷാ—ഇന്ദ്രജാലക്കാരനോ? എന്തുതരം ഇന്ദ്രജാലം?

അപ—നിങ്ങൾക്കിഷ്ടമുള്ളതരം ഇന്ദ്രജാലം; കയ്യടക്കവും ആൾമാറാട്ടവും. തൊപ്പിയിൽനിന്നു മുയലുകളെ സൃഷ്ടിക്കുക. ഏതു സാധനത്തിൽ നിന്നും കോഴിമുട്ടകൾ പുറപ്പെടുവിക്കുക. ഇങ്ങനെ പലതും. പക്ഷേ ഒന്നാണ്, എൻെറ സാമഗ്രികളൊന്നും കൂടെയില്ല. എന്നാലും ഒരു കുടിയുടെ വകയ്ക്ക് ഒന്നോ രണ്ടോ വിദ്യ കാണിക്കാൻ ഇപ്പോഴും കഴിയും.

ഷാ—(പിന്നേയും സംശയഭാവത്തിൽ) കൊള്ളാം...തൻെറ വിദ്യകൾ കാണട്ടെ ആദ്യം. നന്നെങ്കിൽ, കുടിക്കാൻ വിഷമമില്ല. എനിക്കു നന്നെന്നു തോന്നുന്ന ഓരോ വിദ്യയ്ക്കും ഒരു കുപ്പി തന്നേയ്ക്കാം.

ഐന്ദ്ര—(അവസരോചിതമായ ചതുരതയോടെ)—അതു പററുമോ? സാറിൻെറതാണു കുടിസാധനം. അതുകൊണ്ട് ഇവരാകട്ടെ വിധി പറവാൻ. ഇവർ സമ്മതിക്കുന്ന ഓരോ വിദ്യയ്ക്കും ഓരോ കുപ്പി.

(ഒന്നുരണ്ടുപേർ അയാൾ പറഞ്ഞതു ന്യായമാണെന്നു പറയുകയാൽ ഷാപ്പുകാരൻ അപ്രകാരം സമ്മതിച്ചു. ഇങ്ങനെ ലോകത്തിൽ ഒരു ജനകീയഭരണത്തിനു് അനുകൂലമായ പരിതസ്ഥിതികൾ നിർമ്മിച്ച ഒരു രാഷ്ട്രീയനേതാവിൻെറ ചാരിതാർത്ഥ്യത്തോടുകൂടി ഐന്ദ്രജാലികൻ തൻെറ ചുററും ഒന്നു കണ്ണോടിച്ചു. പിന്നെ, അല്പം ചില ഒരുക്കങ്ങൾ ചെയ്യേണ്ടതു് ആവശ്യമായിരുന്നതുകൊണ്ട് അയാൾ എല്ലാവരേയും ഒരു കോണിലോട്ട് ഒഴിച്ചിരുത്തി)

"ഇപ്പോൾ—പ്രാരംഭമായി ഒരു ചെറിയ വിദ്യ കാണിക്കുന്നതിനു, നിങ്ങളിൽ ഏററവും സാധുവായ ഒരുത്തനിങ്ങു വരണം."

അപ്പോൾ എവരുടേയും ദൃഷ്ടികൾ ശൌരിയുടെമേൽ തിരിക്കുന്നതു കണ്ടു ശൌരി പരിഭ്രമിച്ചു പറഞ്ഞു. "ഞാൻ പറഞ്ഞേക്കാം. എൻെറമേൽ വിദ്യ കാണിക്കാൻ ഞാൻ സമ്മതിക്കില്ല. എന്നെക്കൊണ്ടാവില്ല."

ഇതുകേട്ടു എല്ലാവരും നന്നെ ചിരിച്ചു.

ഒരുത്തൻ:—ശൌരിയുടെമേൽ കുറി വീഴുമെന്നു എങ്ങനെ മനസ്സിലാക്കി?

ശൌ:—പിന്നെ! എനിക്കു മനസ്സിലാവില്ലെടൊ, ഞാൻ വളരെ പാവമാണെന്നു നിങ്ങളെപ്പോഴും പറയാറുള്ളതല്ലെ.

ഐന്ദ്രജാലികൻ ശൌരിയെത്തന്നെ പിടികൂടി "താൻതന്നെയാവട്ടെ. ഇവിടെ വരു. ഞാനൊരുപദ്രവും ചെയ്യുന്നില്ല. നോക്കു് .......

(അയാളുടെ വാക്കുകൾക്കു ബദ്ധപ്പാടുകൂടി. അയാൾ കൈ മടക്കി തള്ളവിരൽ നീട്ടിക്കാണിച്ചു)

"നോക്കു്—ഇവിടെ നോക്കു്—എത്ര വിരൽ പൊക്കിപ്പിടിച്ചിട്ടുണ്ടു്."

ശൌ:—ഒന്നു്.

ഐന്ദ്ര:—(ചൂണ്ടാണിവിരൽകൂടി നീട്ടി) ഇപ്പോഴെത്ര?

ശൌ:—രണ്ടു്

ഐന്ദ്ര:—(മൂന്നാമത്തെ വിരൽകൂടി നീട്ടുന്നു.) ഇപ്പോഴെത്ര?

ശൌ:—മൂന്നു്.

ഐന്ദ്ര:—(ശേഷം രണ്ടുവിരലുകളും നിവർത്തുന്നു.) ഇപ്പോഴെത്ര?

ശൌ:—(യഥാക്രമം) നാലു്.

ഹ! ഹ! ഹാ! — എല്ലാവർക്കും തമാശയായി.

ഐന്ദ്രജാലികൻ കാര്യഗൌരവം വിടാതെ പറഞ്ഞു. "നിശ്ശബ്ദം! നിശ്ശബ്ദമായിരിക്കണം. കണ്ണടക്കു്—അടച്ചുപിടിച്ചേക്കണം! ഒരിക്കലും തുറക്കയില്ലെന്നു സത്യം ചെയ്യു്" (അയാൾ അനന്തരം അടുപ്പരികിലോട്ടു പോയി അവിടെയുണ്ടായിരുന്ന ഒരു കലത്തിന്റെ മൂട്ടിലുള്ള കരി കൈപ്പടത്തിലാക്കി യഥാസ്ഥാനത്തു വന്നുനിന്നു.)

"ഷേക്‌ഹാൻഡ്" (ശൌരി ഹസ്തദാനംചെയ്തു) കൈതുറക്കു്—നേരെ നോക്കു് — മുഖത്തുനിന്നു കണ്ണെടുക്കാതെ! ഞാൻ കാണിക്കുന്ന പ്രകാരം (അയാൾ കാണിച്ചുകൊടുക്കുന്നു) വിരൽ നിന്റെ മുഖത്തു ചുറ്റട്ടെ. അതെ— മൂക്കറ്റംവരെ.....താഴെ താടിമേൽ വരട്ടെ— അവിടെ ഒരു കുരിശടയാളം ഇട്ടേക്കണം.....മതി. ഇപ്പോൾ താനെത്ര മിടുക്കനായിരിക്കുന്നു."

(ശൌരിയുടെ മുഖം ഒട്ടുമുക്കാലും കരിവേഷമായിരിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ. കാണികളുടെയിടയിൽനിന്നു ചിരിയും അട്ടഹാസവും പുറപ്പെട്ടിരിക്കുന്നു. ഷാപ്പുകാരൻ ഐന്ദ്രജാലികനു ഒന്നാമത്തെ കുപ്പി സമ്മാനിക്കുന്നു.

മററുള്ളവർ ഒരു പിച്ചളമൊന്തയുടെ പുറത്തു ശൌരിയുടെ മുഖ

ബിംബം കാട്ടിക്കൊടുത്തപ്പോഴാണ് അവന് വിദ്യയുടെ രസികത്വം അറിവായത്.)

"ആരാണിതു ചെയ്തത്?" എന്നവൻ കോപിച്ചു.

വക്കീ:—താൻതന്നെയാണെടോ ചെയ്തതു.

ശൌ:—ഞാനോ. ഞാനാണെങ്കിൽ എനിക്കറിയാൻ പാടില്ലേ?

വക്കീ:—അതെ മനുഷ്യാ, താൻതന്നെ. തന്റെ വിരലുനോക്കു്.

ശൌരി നോക്കിയപ്പോൾ, കാര്യം ശരിയാണ്. "താനീ ഇന്ദ്രജാലവുംകൊണ്ടു നടക്കുന്നു. എന്നെപ്പോലെയാവില്ല എല്ലാവരും. താൻ ആളുകളെക്കാണും. സത്യമായിട്ടും താൻ കാണും. കരികയ്യൻ ജാലക്കാരൻ" എന്നിങ്ങനെ ശൌരി ശകാരം തുടങ്ങി.

(ഷാപ്പുകാരൻ ശൌരിയെ സമാധാനമാക്കുവാൻ അരക്കുപ്പി അവനും വാത്തുകൊടുത്തു. ഐന്ദ്രജാലികൻ തന്റെ കുടികഴിഞ്ഞു് മറെറാരുവിദ്യ കാണിപ്പാനുള്ള ഒരുക്കമായി.)

"ഇവിടെയിരിക്കുന്നവരിൽ ഏതെങ്കിലും ഒരു മാന്യന് ഒരു വാച്ചുണ്ടോ?"

"ഉണ്ട്. വക്കീലിന് ഒരു വാച്ചുണ്ട്." (ഐന്ദ്രജാലികൻ അതു വാങ്ങി കൃത്യമായി നടക്കുന്നുണ്ടോ എന്നു പരിശോധിച്ചു. ഇതിനിടയിൽ വാച്ചു തന്റെ കോട്ടിന്റെ ഒരു കീശയിൽ സ്ഥലം പിടിച്ചതും മറെറാരു കീശയിൽനിന്നു് എന്തോ ഒരു സാധനം കൈയിലെത്തിയതും ഒന്നിച്ചു കഴിഞ്ഞു. അയാൾക്കു വിദ്യ തുടങ്ങുന്നതിന് ഒരു തുവാല ആവശ്യമായിരുന്നു. കാണികളിൽനിന്ന് ആദ്യം കിട്ടിയ തുവാലകൾ പ്രായേണ ഓട്ടയുള്ളതായിരുന്നുവെങ്കിലും വളരെ വിഷമിക്കാതെ സാമാന്യം നല്ലതായ ഒന്നു സമ്പാദിച്ചു അതിൽ പൊതിഞ്ഞു എന്തോ വക്കീലിന്റെ കൈവശം ഏല്പിച്ചു.) "വാച്ചു നടക്കുന്നില്ലേ എന്നു നോക്കണം സാറെ."

ടിക് ടിക്.

വക്കീ—ഉവ്വ്. നടക്കുന്നുണ്ട്.

ഐന്ദ്ര—ഭദ്രമായി പിടിച്ചുകൊൾക. ഇതിനെന്തു വിലവരും.

വ—പതിനാലുറുപ്പിക.

ഐന്ദ്ര—ഏതെങ്കിലും മാന്യന്റെ പക്കൽ പതിനാലു റുപ്പിക എടുപ്പാനുണ്ടോ?

വക്കീ—ഷാപ്പുകാരന്റെ പക്കലുണ്ട്.

ഐന്ദ്ര—റുപ്പിക കൊണ്ടുവരണം.

ഷാ—എന്താണുറുപ്പികയുടെ ആവശ്യം?

ഐന്ദ്ര—വിദ്യ കാണിപ്പാൻ സാറെ. ഈ സാറിന്റെ വാച്ചിനു പതി നാലു രൂപാ വിലയാണെന്നു സാർ പറയുന്നു. ആ വാച്ചിന്റെ രൂപാ യങ്ങു കൊടുക്കാനുള്ള വിദ്യയാ.

ഷാ—ഉറപ്പിക എന്റെയല്ലേ?

ഐന്ദ്ര—അതിനു കുറമില്ല. രൂപാ സാർതന്നെ പിടിച്ചേക്കണം.

(ഷാപ്പുകാരൻ ഉറപ്പിക കൊണ്ടുവന്നു. ഐന്ദ്രജാലികൻ വീണ്ടും ഓട്ടയില്ലാത്ത ഒരു തുവാല കരസ്ഥമാക്കി അതിൽ പൊതിഞ്ഞു ഷാപ്പുകാരന്റെ പക്കൽ ഏല്പിച്ചു)

"പിടിച്ചേക്കണം. രണ്ടുപേരും ഭദ്രമായി പിടിച്ചേക്കണം. എല്ലാവരും ജാഗ്രതയായിരുന്നേക്കണം."

'ഞങ്ങൾ തയാറായി' എന്നു കാണികൾ പറഞ്ഞു.

ഐന്ദ്രജാലികൻ തുടർന്നു. "ഈ സാറിന്റെ കൈയിലുള്ള രൂപാ ആ സാറിന്റെ കൈയിലും ആ സാറിന്റെ പക്കലുള്ള വാച്ച് ഈ സാറിന്റെ കയ്യിലും ഞാൻ വരുത്തും. അപ്പോൾ നിങ്ങൾ എന്നെപ്പറ്റി എന്തു പറയും?"

വക്കീ പറഞ്ഞു.—"തന്നെ ഞങ്ങൾ ആശ്ചര്യം, മഹാശ്ചര്യം എന്നു വിളിക്കും."

ഷാപ്പുകാരൻ പറഞ്ഞു:—"ആ വകക്കു മൂന്നു വർത്തു തനിക്കു ഞാൻ തരും."

ഐ:—കൊള്ളാം—എല്ലാം ഭദ്രമാക്കിക്കൊള്ളണം. ഇപ്പോൾ ഞാൻ അപ്പുറത്തു പോകും. ഇതാ പോകയായി— അതാ, ആ ജനാലയിൽ ഞാൻ മുട്ടുമ്പോൾ പറഞ്ഞ വിദ്യ ഫലിച്ചതായി നിങ്ങൾ കാണും.

(ഇത്രയും പറഞ്ഞു അയാൾ പുറത്തു കടന്നു. എല്ലാവരും അത്യാവേഗപൂർവ്വം മിഴിച്ചുകൊണ്ടിരുന്നു.)

ഒരുത്തൻ—ഇപ്പറഞ്ഞ വിദ്യ നടക്കുമെന്ന് എനിക്കത്ര വിശ്വാസമില്ല.

രണ്ടാമൻ—എനിക്കും, വിശ്വാസമില്ല.

വക്കീ—നടക്കുമെന്ന് എനിക്കും തോന്നുന്നില്ല. വാച്ചിന്റെ സ്വരമല്ലേ എന്റെ കയ്യിൽ കേൾക്കുന്നു.

മൂന്നാമൻ—വെറുതെ—നടക്കാത്ത കാര്യം.

നാലാ—വാച്ചിന്റെ സ്വരം ശരിയായി കേൾക്കാനില്ലേ?

വക്കീ—പിന്നെ—എന്റെ ഉള്ളിൽ ഉള്ളതല്ലേ? ഉറക്കത്തിൽക്കൂടെ കേൾക്കുന്നതു്!

മൂ—പാട്ടാടന് "ഉറപ്പികയുടെ കിട്ടരും കേൾക്കുന്നുണ്ടോ?

ഷാ— (തടവിനോക്കിയിട്ട്) ഉവ്വ്......ഉണ്ട്.

മൂ—പിന്നെ ഇയാളെന്തു മണ്ണാങ്കട്ട ചെയ്യാനാണ്.

രണ്ടാമൻ—മിണ്ടാതിരിക്കിൻ. നമ്മളിങ്ങനെ സംസാരിച്ചാൽ ജനലക്കലെ മുട്ട കേൾക്കാൻ കഴികയില്ല.

എല്ലാവരും ചെവിയോർത്തു "കേൾക്കാനുണ്ടോ വല്ലതും? ഉണ്ടോ? കേൾക്കാനുണ്ടോ. നമുക്കു യാതൊന്നും കേട്ടുകൂടെന്നു തോന്നുന്നു. എവിടെയാണ് ഇയാൾ. ജനലക്കലുണ്ടോ?" എന്നിങ്ങനെ.

ഒരാൾ എഴുന്നേററു ചാക്കുകർട്ടൻ പൊക്കി നോക്കുന്നു. "കാണാനില്ലല്ലോ."

മറെറാരാൾ—അങ്ങേ ജനലക്കലല്ലേ പറഞ്ഞതു്?

ഒന്നാ—അതതേ. അററത്തെ ജനല.

ഷാ—പോയി നോക്കു്. അയാൾ എന്തു കുസൃതിയാണ് അവിടെ കാട്ടുന്നതു് എന്നു പങ്ങിനോക്കു്.

(ഒരാൾ പോയി ഒളിഞ്ഞു നോക്കുന്നു. അവിടെ ആരുമില്ല.)

"ഇവിടെയാരുമില്ല. അയാൾ പോയി."

വക്കി—പോയി! (തുവാല അഴിച്ചുനോക്കുന്നു.) എൻെറ കർത്താവേ! ഇതു നോക്കു്. വാച്ചിനു പകരം ഇതില് ഒരു വെള്ളാരങ്കല്ലാണല്ലോ!

(ഷാപ്പുകാരനും തൻെറ തുവാല അഴിച്ചു. അതിനകത്തു് ഓട്ടാങ്കത്തിക്കഷണങ്ങളാണ് ഇരിക്കുന്നതു്) "എൻെറ ഉടപ്പിക വെള്ളത്തിലാ കെടക്കണേ! വരിൻ—എല്ലാവരും ഓട്ട് എൻ! മാപ്പാരെ, പറഞ്ഞോടൻെറ വയററില് തീയുണ്ട്യാണ്! ക്ടാങ്ങളെ തലേ കയ്യൊണ്ടു നിച്ച വിളിക്കേൻ. ഓടിക്കോളേൻ ചെകുത്താൻെറ പിന്നാലെ......"

(ശൌരി ഒഴിച്ചു മറെറല്ലാവരും ഓട്ടമായി. ശൌരി അല്പവും അസ്വസ്ഥനായില്ല. അവനിങ്ങനെയാണു പറഞ്ഞതു്:)

"ഓടിയിട്ടു കാര്യമില്ല. നിങ്ങൾ അയാളെ പിടിക്കില്ല. കരിങ്കയ്യൻ ഇന്ദ്രജാലക്കാരൻ. ഞാനവനു കണക്കിനു കൊടുത്തിട്ടുണ്ടു്."

അവൻ പതുക്കെ ജനാലക്കൽ ചെന്നു പുറത്തോട്ടു നോക്കി. ഷാപ്പിനകം, ആരുമില്ലാതെ, ഒരു ണക്കപ്പോളപോലെ കിടക്കുന്നു.

അകലത്തുനിന്ന് "നില്ക്കു് ജാലവിദ്യക്കാരൻ! നില്ക്കു് ജാലവിദ്യക്കാരൻ" എന്നു നിശ്ശബ്ദം കലമ്പിയ ഒരു വിഷാദസ്വരം!

നിരൂപണപംക്തി

# കുഞ്ചൻ നമ്പ്യാർ.

## അദ്ദേഹം തന്നെയോ രാമപാണിവാദൻ ?

കുഞ്ചൻ നമ്പ്യാരെപ്പോലെയുള്ള മഹാകവികളുടെ സാഹിതീസപര്യകളെക്കുറിച്ച് ഉൽകൃഷ്ടനിരൂപണങ്ങൾ ഇനിയും ഒട്ടേറെ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്രക്ക ബഹുമുഖത്വം അവരുടെ കവനങ്ങൾക്കുണ്ട്. നിരൂപണത്തിൽ ഒരാൾ പോയവഴിക്കേ മറ്റെല്ലാവരും പോകാവൂ എന്നില്ല. ഒരോരുത്തനും ഓരോ പ്രകാരത്തിലായിരിക്കും കവികർമ്മത്തെ നിരീക്ഷണം ചെയ്യുക. അങ്ങനെ വരുമ്പോൾ പൂർവ്വപരാമൃഷ്ടങ്ങളല്ലാത്ത പല സാരസ്യങ്ങളും വൈരസ്യങ്ങളും വിശദീഭവിച്ചെന്നുവരാം. മഹാകവികൃതങ്ങളായ നിബന്ധനങ്ങളെ വേണ്ടതു ആസ്വദിക്കുവാൻ ആഗ്രഹിക്കുന്നവർക്കു പുതിയ പുതിയ നിരൂപണങ്ങൾ തീർച്ചയായും ഉപകാരപ്രദമായിരിക്കും. ചിലപ്പോൾ നവമായി സാഹിത്യരസികന്മാരെ സൃഷ്ടിക്കുവാനും അവക്ക് പാടില്ലെന്നില്ല. ഈ പരമാർത്ഥം മുൻനിർത്തിക്കൊണ്ടാണ് പാശ്ചാത്യന്മാർ ഹോമർ തൊട്ട് ബർണാഡ്ഷാവരെയുള്ള സകലരുടേയും കൃതികളെ സംബന്ധിച്ച് അടിക്കടി നിരൂപണങ്ങൾ എഴുതിയിറക്കുന്നത്. തങ്ങളുടെ യത്നം പിഷ്ടപേഷണമായി അവർ എണ്ണുന്നില്ല. മലയാളികൾക്ക് ആ മനോഭാവം അവരോടു കടം വാങ്ങേണ്ടിയിരിക്കുന്നു. ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടതുപോലെ മലയാളികൾ സംസ്കൃതോപാത്തമായ സാഹിത്യമീമാംസയുടെ മാതൃക പിടിച്ച് കാവ്യങ്ങളുടെ നിർമ്മാണത്തിൽ കവികൾക്ക് സൽപഥനിർദ്ദേശകമായ നിരൂപണമേ അധികവും ചെയ്തിട്ടുള്ളു. പ്രത്യുത, കാവ്യങ്ങളുടെ സുഖാസ്വാദനത്തിനു സഹകാരകമായ നിരൂപണം മലയാളികൾ തുടങ്ങിയിട്ടധികം കാലമായില്ല. അപ്പോഴേക്കും അതധികമായിപ്പോയെന്നു ആക്രോശിക്കുന്നതു് അയുക്തമായിരിക്കും.

ഗ്രന്ഥവും വിഷയവും

തേവര ഹൈസ്കൂൾ മലയാളം പണ്ഡിതരായ വിദ്വാൻ ടി. എം. ചുമ്മാരവർകൾ, 'മഹാകവി കുഞ്ചൻ നമ്പ്യാർ' എന്ന പേരിൽ പുറപ്പെടുവിച്ചിട്ടുള്ള ഗ്രന്ഥം മലയാളികൾക്ക് ഉപാദേയം തന്നെയാണ്. അതിനെ സഹൃദയസഹജമായ സ്നേഹത്തോടുകൂടി സംലാളനം ചെയ്യുവാൻ ഏതാനും മഹാശയന്മാർ മുതിർന്നതിൽ തെല്ലും അനൗചിത്യമില്ല.

ഗ്രന്ഥത്തിൽ നാതിവിസ്തൃതങ്ങളായ പത്തദ്ധ്യായങ്ങളിലായി കുഞ്ചൻ നമ്പ്യാരുടെ ജീവിതചരിത്രവും കൃതികളെപ്പററിയുള്ള വിമൎശനവും അടങ്ങിയിരിക്കുന്നു. ഒടുവിൽ ഒരനുബന്ധത്തിൽ 'രാമപാണിവാദനും നമ്പ്യാരും' ഒരാളാണെന്നുള്ളമതത്തിനു ഉപോൽബലകങ്ങളായ തെളിവുകൾ ഹാജരാക്കപ്പെട്ടിരിക്കുന്നു. കുഞ്ചൻനമ്പ്യാരെ സംബന്ധിച്ച് ഇതഃപൎയ്യന്തം പ്രകാശിതങ്ങളായിട്ടുള്ള മിക്ക ഉപന്യാസങ്ങളും പരിശോധിച്ചാണു സ്വഗ്രന്ഥം നിൎമ്മിച്ചിട്ടുള്ളതെന്ന സംഗതിയിൽ ചുമ്മാരവർകൾക്ക് ധാരാളം അഭിമാനത്തിനു വകയുണ്ട്. നമ്മുടെ മഹാകവികളുടെ മഹനീയങ്ങളായ സേവനങ്ങളെ അവധാനപൂൎവ്വം അദ്ധ്യയനം ചെയ്തു സ്വാഭിപ്രായങ്ങളെ സഹൃദയസംവേദ്യമായ രീതിയിൽ വ്യക്തമാക്കുവാൻ ഉത്സാഹിക്കുന്ന യുവപണ്ഡിതന്മാൎക്കു അദ്ദേഹത്തിന്റെ യത്നം നല്ലൊരു നിദൎശനമായിരിക്കുമെന്നു് തോന്നുന്നു.

വിമൎശഗതി.

കണ്ടതും കേട്ടതുമെല്ലാം ഉദ്ധരിച്ചു, താഴെ 'അദ്വിതീയം, അവൎണ്ണനീയം,' എന്നും മററും ആരടനംചെയ്തു വിമൎശനം അവസാനിപ്പിക്കുന്നവർ നമ്മുടെയിടയിൽ കുറച്ചല്ല. ഈ സമ്പ്രദായം കേമന്മാർകൂടി സ്വാഗതംചെയ്തു കാണുന്നു. പി. കെ. യെപ്പോലെ ചുരുക്കം ചിലർ മാത്രമേ കവികളുടെ ഭാവനാഭാസുരങ്ങളായ കഥനങ്ങൾ ഉന്മോചനം ചെയ്തു സൌന്ദൎയ്യഘടകങ്ങൾ ഓരോന്നും വേർപെടുത്തിക്കാണിക്കുന്നതിൽ വേണ്ടുവോളം മനസ്സിരുത്തിയിട്ടുള്ളു. മി. ചുമ്മാർ അക്കാൎയ്യത്തിൽ അഭിനന്ദനീയമായ വിജയം നേടിയിട്ടുണ്ട്. തുള്ളലുകളിലെ വൎണ്ണനാരീതി, തുള്ളലുകളിലെ ഫലിതം, തുള്ളലുകളിൽ കാണുന്ന കേരളം— ഇത്യാദി അദ്ധ്യായങ്ങൾ അതിനു ദൃഷ്ടാന്തങ്ങളാകുന്നു. നമ്പ്യാരുടെ വൎണ്ണനകളിൽ വിശിഷ്യാവധേയങ്ങളായ കേരളീയാചാരസംക്രമം, അതിന്റെ ഉദ്ദേശ്യവും സാഫല്യവും, സ്ഥൂലനിരീക്ഷണം, സൂക്ഷ്മാവലോകനാഭാവം, ഔചിത്യാനൌചിത്യങ്ങൾ മുതലായവ പ്രത്യയജനകങ്ങളായ ഉദാഹരണങ്ങളോടുകൂടി മി. ചുമ്മാർ വിവരിച്ചിട്ടുണ്ട്. നമ്പ്യാരുടെ ഫലിതത്തെക്കുറിച്ചുള്ള അദ്ധ്യായം സരസമായിരിക്കുന്നു. ഫലിതമെന്നുവെച്ചാൽ എന്തെന്നും അതിന്റെ ഏതെല്ലാം രൂപങ്ങളാണു നമ്പ്യാർ വരിച്ചിട്ടുള്ളതെന്നും സനിഷ്കൎഷം ഗ്രന്ഥകാരൻ ഉപപാദിച്ചിട്ടുണ്ട്. ജീവചരിത്രസംബന്ധമായ കാൎയ്യങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ ചൂണ്ടിക്കാണിച്ചു വിമൎശിച്ചിട്ടുള്ള ഭാഗങ്ങളും പ്രശംസാർഹങ്ങ

ളാകുന്നു. ഐതിഹ്യപ്രായങ്ങളായ സംഗതികൾ കണ്ണടച്ചു വിശ്വസിക്കുവാനോ സ്വാഭിപ്രായങ്ങൾ ഉദ്ധതഭാവത്തോടെ കുററിയടിച്ചു നാട്ടുവാനോ മി. ചുമ്മാർ തുനിഞ്ഞിട്ടില്ല. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ബഹുജനോക്തികൾ സമാഹരിച്ചു യുക്തിയുക്തമായൊരു മതം അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളതു അതിനു ലക്ഷ്യമാകുന്നു. അക്കൂട്ടത്തിൽ, ചാക്യാരും നമ്പ്യാരുമായുള്ള കലഹത്തിന്റെ കഥ എത്രത്തോളം വിശ്വാസ്യമാണെന്നു തീരുമാനിക്കുവാൻ ഗ്രന്ഥകൎത്താവു് ഉദ്ധരിച്ചിട്ടുള്ള രേഖകളിൽ ഒന്നിൽ, നമ്പ്യാരുടെ തുള്ളൽപ്രസ്ഥാനത്തെ ചാക്യാരും തൽപക്ഷീയരും അവഹേളിക്കയും അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രത്തിൽ തുള്ളലിനു പ്രവേശം ഇല്ലാതാക്കുകയും ചെയ്യൊരുകാലത്തു് അമ്പലപ്പുഴ നസ്രാണികൾ ചമ്പക്കുളം പള്ളിയിൽ പെരുന്നാളിനു തുള്ളൽ ഏൎപ്പെടുത്തി നമ്പ്യാരെ പ്രോത്സാഹിപ്പിച്ചിരുന്നുവെന്നു കാണുന്നുണ്ടു്. ഈ രേഖയുടെ നേൎക്കു് ഈയിടെ വൎഷിക്കപ്പെട്ട അസ്ത്രങ്ങൾ കണ്ടപ്പോൾ വായുപേഷണി (windmill) യോടു യുദ്ധത്തിനൊരുങ്ങിയ ഡോൺക്യുക്സോട്ടിന്റെ കഥയാണു് ഓൎമ്മയിൽ വന്നതു്. ഒരു മാന്യസുഹൃത്തു പറഞ്ഞതുപോലെ നമ്മുടെ സാഹിത്യകാരന്മാർ, വേറെ ജോലിയൊന്നുമില്ലെങ്കിൽ ഇഷ്ടം ഇതിലപ്പുറവും ചെയ്യുന്നവരും. രേഖയിലെ പൂൎവ്വാംശം അന്യഥാപ്രസിദ്ധം. ഉത്തരാംശം ചമ്പക്കുളത്തും മററും പ്രസിദ്ധവും. അതിരിക്കട്ടെ. പ്രാസംഗികമായി വന്നുകൂടുന്ന ഏതാദൃശങ്ങളായ രേഖകൾ തള്ളുകയോ കൊള്ളുകയോ ചെയ്യാൻ തന്റേടമുള്ള വായനക്കാൎക്കു യാതൊരു പ്രയാസവുമില്ല. മേല്പറഞ്ഞ രേഖകൊണ്ടു് അമ്പലപ്പുഴക്കാരായ ക്രിസ്ത്യാനികളെല്ലാവരും കലാരസികന്മാരും, സവൎണ്ണഹിന്തുക്കളെല്ലാവരും കലാദ്വേഷികളും ആയിരുന്നുവെന്നു് ധരിക്കുന്നവരുണ്ടോ? ഇതിനേക്കാൾ 'കീറാമുട്ടികളായ' എത്രയെത്ര ലക്ഷ്യങ്ങൾ നമ്മുടെ സാഹിത്യചരിത്രങ്ങളിൽ കടന്നുകൂടിയിട്ടുണ്ടു്!

### കുഞ്ചൻ നമ്പ്യാരും രാമപാണിവാദനും.

രണ്ടുപേരും ഒരാളാണെന്നുള്ള വാദം ഇപ്പോഴും സൎവ്വസമ്മതമായിട്ടില്ല. Much may be said on both sides എന്ന മട്ടിലാണു് ഇപ്പോഴും കാൎയ്യത്തിന്റെ കിടപ്പു്. എതിരായിട്ടുള്ള ലക്ഷ്യങ്ങളിൽ ചിലതു ഖണ്ഡിക്കുവാൻ, ചരിത്രത്തിന്റെ അഭാവം നിമിത്തം, വഴിയില്ലെന്നായിരിക്കുന്നു. ചരിത്രം അനുകൂലമായാൽകൂടി മി. പത്മനാഭനുണ്ണി

പായുംവണ്ണം കഷണ്ടിത്തലയെ ചാണയാക്കുംപോലെയിരിക്കും നമ്പ്യാരെ രാമപാണിവാദനാക്കുന്നതെന്നു തോന്നുന്നു.

## ഒന്നോ രണ്ടോ അദ്ധ്യായങ്ങൾക്കുകൂടി വകയില്ലേ?

അങ്ങനെയൊരു സംശയം ഞങ്ങൾക്കുണ്ട്. നല്ലൊരു സാഹിത്യകാരനും ഗവേഷണപടുവുമായ മി. എം. ആർ ബാലകൃഷ്ണവാരിയർ സ്വന്തം പുസ്തകത്തിൽ ചെയ്തിട്ടുള്ള വിഷയവിഭാഗം മി. ചുമ്മാർ ഏറെക്കുറെ അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ടോ എന്തോ അദ്ദേഹം സവിസ്തരം പ്രതിപാദിക്കേണ്ടിയിരുന്ന ഏതാനും വിഷയങ്ങൾ അവിടവിടെ സൂചിപ്പിക്ക മാത്രമേ ചെയ്തിട്ടുള്ളൂ. ലോകനിരീക്ഷണത്തിൽ നമ്പ്യാർക്കുള്ള നൈപുണ്യം, നമ്പ്യാരുടെ കവിതയ്ക്കു സർവ്വോപരിയുള്ള ഉദ്ധരണക്ഷമതയും പ്രചാരപ്രചുരിമയും, എന്തിലും കേവലാംശത്തെ തൊടാതെ അകേവലാംശത്തെ പിടികൂടുവാൻ നമ്പ്യാർക്കുള്ള തിടുക്കം, എന്നിവയെക്കുറിച്ച് ഒന്നോ രണ്ടോ അദ്ധ്യായങ്ങൾ സ്വതന്ത്രമായി എഴുതിച്ചേർക്കുന്നതു കൊള്ളാം. തൽസംബന്ധമായി അങ്ങുമിങ്ങും ചെയ്തുപോയിട്ടുള്ള സൂചനകൾ ആ വിഷയങ്ങളെ അപ്രധാനീകരിച്ചിരിക്കുന്നു. വാസ്തവത്തിൽ വണ്ണനയെന്നുള്ള തലക്കെട്ടിൽ ഒട്ടേറെ സംഗതികൾ ഒതുക്കുന്ന പതിവ് ഉപേക്ഷിച്ചാൽ വളരെ നന്നായിരിക്കും. വിദ്യാർത്ഥികളുടെ ആവശ്യത്തിനെന്നു പറഞ്ഞു കവിതകൾക്കു 'നെട്ടനെട്ടകൻ' ഉപോൽഘാതവും ടിപ്പണവും എഴുതുന്നവരിൽ പലരും ഈ വിദ്യ പ്രയോഗിക്കാറുണ്ട്.

## ഭാഷ

ഭാഷാരീതി, മിക്കവാറും നിർദ്ദോഷവും ഫലിതഭാസുരവുമായിട്ടുണ്ടെന്നു പറവാൻ അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികളെ ഒരിക്കലും അതു മുഷിപ്പിക്കുകയില്ല.

കൈരളി.

N. B.

വാചസ്പതി പരമേശ്വരൻമൂസ്സതവർകളുടെ മാർഗ്ഗദർശിയെന്നുള്ള വ്യാഖ്യാനത്തോടുകൂടിയ ശ്രീമത് ഭാഗവതം കൈപറ്റി നന്ദിപറഞ്ഞുകൊള്ളുന്നു. നിരൂപണം വഴിയേ.

# ഓരോന്നും ഓരോ വഴിക്കത്രെ.

നമ്മുടെ ജീവിതം ത്രിധാഭിന്നമാണ്. ഓരോ ഭാഗത്തിന്റേയും പ്രതിനിധിയായി ഓരോ അവയവമുണ്ട്. ക്രിയാസമുച്ചയത്തിന്നു കരം; വികാരവിശേഷങ്ങൾക്കു ഹൃദയം; വിചാരാദികൾക്കു ശിരസ്സും. ഈ തോതിൽ മനുഷ്യരേയും തരം തിരിക്കാം. ഒരു വകക്കാർ കാര്യത്തിന്നു കൊള്ളാവുന്നവർ. എന്തും പ്രായോഗികമോ അല്ലയോ എന്നായിരിക്കും അവരുടെ നോട്ടം. ഹൃദയത്തെ വികാരകല്ലോലിതമാക്കുവാനോ ശിരസ്സിനെ ഗഹനചിന്തകൾകൊണ്ടു സന്തപ്തമാക്കുവാനോ അവർ അധികം ഇഷ്ടപ്പെടാറില്ല. വേറൊരു കൂട്ടർ വികാരവൈഭവത്തിന്നു 'ദാസോഽഹം' പാടുന്നവർ. ലോകത്തിൽ 'ചെപ്പും പന്തും' വെച്ചു കളിച്ചു കാര്യം കൈക്കലാക്കുവാൻ അവൎക്കു കണ്ണില്ല; അവർ അതിന്നു മതിയാകയുമില്ല. എന്നാൽ ഒന്നുണ്ട്. കലയും മതവും അവരുടെ ജന്മസ്വത്തത്രെ. അവരിൽ അഗ്രഗണനീയർ ആ രണ്ടുപകരണങ്ങളുപയോഗിച്ചു വിശ്വമാസകലം വിളക്കുകയും വിറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയൊരുതരക്കാർ ഒന്നും ചെയ്യാതെ എല്ലാം അന്വേഷിച്ചറിയാൻ ആശിക്കുന്നവരാണ്. അവർ അമ്മയുടെ ശവകുടീരത്തിൽപോലും സസ്യവിജ്ഞാനീയം പഠിക്കുവാൻ മുതിരും. ദർശനങ്ങളേയും മതങ്ങളേയും ചവിട്ടിമെതിച്ചേ അവർ ഓരോദിവസവും ഉറങ്ങുകയുള്ളു. എങ്കിലും മനുഷ്യനെ തമസ്സിൽനിന്നെഴുന്നേല്പിച്ച് ഉഷസ്സിലേക്കു നയിക്കുവാൻ അവൎക്കു കഴിഞ്ഞിട്ടുണ്ടെന്നു പറയണം. ബഹുമുഖമായ ജീവിതത്തിന്റെ നിശ്ശേഷം നിർദ്ധാരണം ചെയ്യുവാനാകുന്നു ബുദ്ധിയുള്ളമനുഷ്യരുടെയെല്ലാം ഉത്സാഹവും ഉദ്യമവും. പക്ഷേ പ്രകൃതിജമായ അഭിനിവേശമനുസരിച്ച് ഓരോരുത്തർ ഓരോ പദ്ധതി അവലംബിച്ചുവെന്നുവരും. ഉത്കർഷേച്ഛാനിരതർ മഹാകർമ്മങ്ങളിലേർപ്പെടുന്നു; ഭാവതരളിതർ കലാലോകങ്ങൾ സൃഷ്ടിക്കുന്നു; ജ്ഞാനലിപ്സാഭരിതർ പ്രേക്ഷണഫലങ്ങൾ അധികരിച്ചു വിചിന്തനങ്ങൾ നടത്തുന്നു. മൂവരുടേയും യത്നങ്ങൾ അവശ്യം ധന്യവാദം ചെയ്യേണ്ടവയാണ്. പരമപദത്തിലേക്കു കുതിച്ചുപായുന്ന മാനുഷചൈതന്യത്തിന്റെ മൂന്നുറവുകളാണ് അവ. അല്ലെങ്കിൽ വിശ്വത്തെ അപഗ്രഥിച്ചു ഗ്രഹിക്കുവാൻ വെമ്പുന്ന ത്രികോണസ്ഫടികപ്രായമായ മാനുഷ്യജീവിതത്തിന്റെ മൂന്നു ഭിന്നവശങ്ങളാണ് അവ.

ഉള്ളത് ഉള്ളപോലെ തരംതിരിച്ചുനോക്കി മനസ്സിലാക്കുവാൻ

മാത്രം ഉഴറുന്ന 'സയൻസ്', അതീന്ദ്രിയജ്ഞാനത്തിന്റെ നിധാനങ്ങളായ കലയോടും മതത്തോടും പോരിനു പുറപ്പെടുന്നുവോ എന്നു തോന്നാം. ഇവിടെ ഓരോന്നിന്റേയും അതിർത്തിയേതെന്നു് അറിയേണ്ടതത്യാവശ്യമാണു്. വികാരതരംഗിതനായ കവിയുടേയോ സമാഹിതാശയനായ സന്ന്യാസിയുടേയോ വീക്ഷണകോണത്തെ മാച്ചുകളയുവാൻ ഒരു 'സയൻസി'നും കഴിവില്ല. ഒന്നിന്റെ മീതെയാണു് മറ്റേതിന്റെ സ്ഥാനം. സപ്തവർണ്ണോജ്ജ്വലമായ മഴവില്ലിനെ ന്യൂട്ടൻ കണ്ടതൊരുവഴിക്കു്; കീററ്സ് കണ്ടതോ മറെറാരുവഴിക്കു്.

നേരിട്ടോ സാമഗ്രികളുടെ സാഹായ്യത്തോടുകൂടിയോ ഇന്ദ്രിയങ്ങൾക്കറിയാവുന്ന സംഗതികൾമാത്രമാണു് 'സയൻസി'ന്റെ സമ്പത്തു്. മതത്തിന്റേതാകട്ടെ ഇന്ദ്രിയാതീതമായി അന്തരാത്മാവിന്റെ അനുഭൂതിക്കു മാത്രം വിഷയമായി സ്ഥിതിചെയ്യുന്ന പാരമാർത്ഥ്യവും. മതം അതീന്ദ്രിയമായ ഒരു ലോകത്തെ ദർശിക്കുന്നു. ആ ദർശനം ഇക്കാണുന്നായ ലോകത്തിലെ പ്രമേയങ്ങൾക്കെല്ലാം ഉപപന്നമായ ഉത്തരം തേടിപ്പിടിക്കുവാൻ നമ്മെ സഹായിക്കുന്നു. "സയൻസി'ന്റേയും മതത്തിന്റേയും ഭാഷണോപകരണങ്ങൾ എപ്പോഴും രണ്ടാണു്. അതുകൊണ്ടു് അവയെ ഒന്നിച്ചുവതരിപ്പിക്കുവാനുള്ള ശ്രമം അസ്ഥാനത്തായിരിക്കും. മതത്തിന്റെ പ്രബോധനം സാർവ്വാതിരിക്തമാണു്; "സയൻസി"ന്റേതോ പ്രേക്ഷണമാത്രസിദ്ധവും. മതത്തിന്റേയും കലയുടേയും ഉദ്ദേശ്യം പ്രപഞ്ചത്തെ വ്യാഖ്യാനിക്കണമെന്നതാണു്, യഥാതഥമായി വർണ്ണിക്കണമെന്നതല്ല. ഇന്ദ്രിയവിഷയമായ പ്രപഞ്ചത്തെ ഉള്ളപടി അലകുംപിടിയുമായി തിരിച്ചുകാണിക്കുന്ന ജോലി "സയൻസി"ന്റേതാകുന്നു.

ദർശനം മതത്തിന്റേയും കലയുടേയും ഉററബന്ധുവാണു്. വസ്തുസ്ഥിതികഥനത്തേക്കാളധികം വ്യാഖ്യാനത്തിനത്രെ അതു് ഒരുമ്പെടുന്നതു്. 'സയൻസ്' എവിടെ അവസാനിക്കുന്നുവോ അവിടെ ദർശനം ആരംഭിക്കുന്നു. പക്ഷേ സയൻസിൽനിന്നു കിട്ടിയിട്ടുള്ള ശിലാഖണ്ഡങ്ങൾ മാത്രം ഉപയോഗിച്ചേ ദർശനത്തിനു സ്വന്തം മണിമന്ദിരംകെട്ടിപ്പൊക്കാവു എന്നില്ല. 'സയൻസി'ൽ ഒരു ഭാഗം മനുഷ്യജീവിതത്തെ നിയതിയുടെ കളിക്കോപ്പാക്കിയിരിക്കാം; മറെറാരുഭാഗം മനുഷ്യനെ യന്ത്രപ്പാവയാക്കിത്താഴ്ത്തിയിരിക്കാം; വേറൊരു ഭാഗം മനസ്സിനെ ശരീരശക്തികളിൽ അന്തർല്ലയിപ്പിച്ചിരിക്കാം. ഇവയെല്ലാം ഓരോവഴിക്കുള്ള ഇന്ദ്രിയോപനീതമായ വിജ്ഞാനം മാത്രം. ഇവയോരോന്നിനേയും യുക്തിയുക്തമായി വിമർശിക്കുവാനുള്ള അധികാരം ദർശനത്തിനുണ്ടു്.

ദർശനമേ മതത്തിന്റേയും, കലയുടേയും ലോകങ്ങളിലേക്കു വഴികാണിക്കുവാൻ സമർത്ഥമാവൂ; ദർശനമേ ഇന്ദ്രിയസമ്പാദിതങ്ങളായ അറിവുകളുടെ കലഹം തീർത്തു പാരമാർത്ഥ്യത്തിലേക്കു മനുഷ്യനെ നയിക്കയുള്ളൂ. അതാണു 'സയൻസി'ന്റെ ഇന്നത്തെ നേതാക്കന്മാർ സമീക്ഷണങ്ങൾക്കുശേഷം സമാധിക്കൊരുങ്ങിയിട്ടുള്ളതിന്റെ രഹസ്യം.

വിജ്ഞാനദാസൻ.